# അടിസ്ഥാനപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ് VIII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.



**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

ജീവിതത്തിന്റെ മധുരാനുഭവമാണ് മാതൃഭാഷ. നിത്യജീവിതത്തിലെ വ്യവഹാരങ്ങളി ലൂടെയാണ് മാതൃഭാഷ വികസിക്കുന്നത്. വികാരവിചാരങ്ങളും ആശയങ്ങളും അന്യരിലേക്ക് പകരാനുള്ള ഫലപ്രദമായ മാധ്യമവും മാതൃഭാഷ തന്നെയാണ്. സാമൂഹിക ജീവിതം മെച്ചപ്പെടുത്താൻ ഭാഷാപരിജ്ഞാനം അത്യാവശ്യമാകുന്നു.

അനുക്ഷണം മാറുന്നതാണ് നമ്മുടെ ലോകവും ജീവിതവും. ഈ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയുമ്പോഴാണ് മെച്ചപ്പെട്ട ജീവിതം സാധ്യമാകുന്നത്. ലോകത്തിലെ മനുഷ്യരെല്ലാം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മാനവികതയുടെയും മൂല്യങ്ങൾ ഉൾക്കൊണ്ടുള്ള സഹവർത്തിത്വജീവിതമാണ് നാം സ്വപ്നം കാണുന്നത്. അത്തരം ആദർശങ്ങൾ മുൻനിർത്തിയാണ് ഈ പുസ്തകം രൂപകല്പന ചെയ്തിട്ടുള്ളത്.

നാം ആർജിച്ചിട്ടുള്ള ഭാഷാശേഷികളെ മെച്ചപ്പെടുത്തുന്നതിനും ഭാഷാവ്യവഹാരങ്ങളെ പുതിയകാലത്തിന്റെ വിജ്ഞാനമേഖലകളുമായി ബന്ധിപ്പിച്ച് പ്രയോഗിക്കുന്നതിനുമുള്ള കഴിവുകൾ ആർജിക്കേണ്ടതുണ്ട്.

ഓരോ കുട്ടിയിലും അന്തർലീനമായ നൈപുണികളെ കണ്ടെത്തി വികസിപ്പിക്കു ന്നതിനും കാർഷികസംസ്കൃതിയിലൂന്നിയ സാംസ്കാരികചരിത്രത്തെ തിരിച്ചറിയുന്നതിനും ഭൂതകാലത്തിന്റെ നന്മകളെ സ്വാംശീകരിക്കുന്നതിനും ഉതകുന്ന പാഠഭാഗങ്ങൾ ഈ പുസ്തകത്തിലുണ്ട്. കൂടുതൽ നല്ല മനുഷ്യരാകാൻ ഇതിലെ ഉള്ളടക്കം നിങ്ങൾക്ക് സഹായകമാവും.

സുന്ദരവും വൈവിധ്യപൂർണ്ണവുമായ മാതൃഭാഷയുടെ നന്മയും മേന്മയും തിരിച്ചറി യാനുതകുന്ന എട്ടാം ക്ലാസിലെ അടിസ്ഥാനപാഠാവലി ഭാഷാപഠനത്തെ കൂടുതൽ സർഗാത്മകവും ആനന്ദകരവുമാക്കും എന്ന പ്രതീക്ഷയോടെ നിങ്ങൾക്കായി അവതരിപ്പിക്കുന്നു.

**ഡോ. ജയപ്രകാശ് ആർ. കെ.**
**ഡയറക്ടർ**
**എസ്.സി.ഇ.ആർ.ടി., കേരളം**

# പാഠപുസ്തകരചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അഡ്വൈസർ**

**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസലർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

**ചെയർപേഴ്സൺ**

**ഡോ. അജയൻ പനയറ**
അസോ. പ്രൊഫസർ, യൂണിവേഴ്സിറ്റി
കോളേജ്, തിരുവനന്തപുരം

**വിദഗ്ധർ**

**ഡോ. പി. സത്യനേശൻ,** അസി. പ്രൊഫ. (റിട്ട.), മുൻ കരിക്കുലം വിഭാഗം തലവൻ, എസ്.സി.ഇ.ആർ.ടി.കേരള
**ഡോ. കെ. രാമചന്ദ്രൻ,** സീനിയർ ലക്ചറർ (റിട്ട.) ഡയറ്റ്, പാലക്കാട്
**ഡോ. തോമസ് താമരശ്ശേരി,** അസോ. പ്രൊഫ. (റിട്ട), ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി
**രവികുമാർ എം.ജി.,** അസി. പ്രൊഫസർ, ഗവ. കോളേജ് ആറ്റിങ്ങൽ, തിരുവനന്തപുരം
**ഡോ. വി.പരമേശ്വരൻ,** സീനിയർ ലക്ചറർ (റിട്ട.) ഡയറ്റ്, കോഴിക്കോട്

**അംഗങ്ങൾ**

**ഡോ. പി.കെ. ജയരാജൻ**, എച്ച്.എസ്.ടി. (റിട്ട.), ജി.എച്ച്.എസ്.എസ്. ചെർക്കള സെൻട്രൽ കാസറഗോഡ്
**സുജാത പി.വി.**, റിട്ട. ഹെഡ്മിസ്ട്രസ്, കൂലേരി, കാസറഗോഡ്
**മാണിക്കൻ കെ.**, എച്ച്.എസ്.ടി., ജി.ടി.എച്ച്.എസ്. പുതൂർ, പാലക്കാട്
**സിമിന എ.**, എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്. മങ്ങാട്, കൊല്ലം
**ദാസ് എം.ഡി.**, എച്ച്.എസ്.ടി. (റിട്ട.), ജി.എച്ച്.എസ്. ചെർപ്പുളശ്ശേരി, പാലക്കാട്
**നെജീന നാസർ**, എച്ച്.എസ്.ടി., ജി.എച്ച്.എസ്. കാച്ചാണി, തിരുവനന്തപുരം
**സൗമ്യ എസ്.**, എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്. മാങ്കോട്, പത്തനംതിട്ട
**വിജു എൽ.എൻ**, എച്ച്.എസ്.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്. പേരൂർക്കട, തിരുവനന്തപുരം
**റിജിമോൾ എസ്.**, എച്ച്.എസ്.ടി., ജി.വി.എച്ച്.എസ്.എസ്. വാഴത്തോപ്പ്, ഇടുക്കി

**ചിത്രരചന**

**നിഷാ രവീന്ദ്രൻ**, ആർട്ടിസ്റ്റ്, മഞ്ചേരി
**ദീപേഷ് ടി.**, സി.എച്ച്.എം.എച്ച്.എസ്.എസ്. തില്ലങ്കേരി, കണ്ണൂർ
**പ്രേംകുമാർ വി.പി.**, എച്ച്.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്. പയ്യന്നൂർ, കണ്ണൂർ
**ജീവൻ ലാൽ പി.എൻ**, ജി.ജി.വി.എച്ച്.എസ്.എസ്. പെരിന്തൽമണ്ണ, മലപ്പുറം
**ധന്യ എം.സി.**, മുക്കൂട്ടത്തിൽ പറമ്പ്, കാപ്രശ്ശേരി, എറണാകുളം
**നേഹൽ,** "ഷൈൻ", കതിരൂർ, കണ്ണൂർ

**അക്കാദമിക് കോ-ഓർഡിനേറ്റർ**

**ഡോ. ശശി എം.ടി.** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം


## 1 കനിവും കരുതലും

കുരുവിയും കാട്ടുതീയും................................................................ 8

കൊച്ചുദേവദാരു.......................................................................... 12

പെരുമഴയത്ത്........................................................................ 17

## 2 ആയുരാരോഗ്യസൗഖ്യം

പ്രത്യാശയുടെ കിരണങ്ങൾ........................................................ 22

ഒപ്പം മിടിക്കുന്നത്..................................................................... 27

സ്നേഹപൂർവം, അമ്മ.................................................................. 29

## 3 ഹൃദയംതൊടുന്ന നക്ഷത്രങ്ങൾ

അമ്മമ്മ.......................................................................................... 34

തോട്ടക്കാരി.................................................................................. 43

ഭഗീരഥപ്രയത്നം......................................................................... 45

പദപരിചയം .............................................................................. 48

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1

# കനിവും കരുതലും



മുരളി നാഗപ്പുഴ



സി.ബി.ഷിബു

ഈ ചിത്രങ്ങൾ നമ്മോട് പറയുന്നതെന്താണ്? ചർച്ചചെയ്യൂ.

*പ്രാണവായുവായ്... ജീവജലമായ്... അന്നമായ് നിറയുന്ന പ്രകൃതി.*
*പ്രകൃതിയിൽനിന്നുമെടുത്താൽ മതിയോ? കൊടുക്കുകയും വേണ്ടേ?*

# കുരുവിയും കാട്ടുതീയും



കാട്ടിൽ തീ പടർന്നു.

പക്ഷികളും മൃഗങ്ങളും ജീവനുവേണ്ടി പരക്കംപാഞ്ഞു. ഒത്തിരി മൃഗങ്ങൾ കാട്ടുതീയിൽ വെന്തുമരിച്ചു. ഈ സമയത്ത് ഒരു കൊച്ചുകുരുവി മാത്രം പുഴയിൽനിന്നും കൊച്ചു ചുണ്ടിൽ വെള്ളം നിറച്ച് ആളിക്കത്തുന്ന കാട്ടുതീ കെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. കുരുവി ഇത് പല തവണ ആവർത്തിച്ചു. ഇതുകണ്ട മഴദേവൻ കുരുവിയെ പരിഹസിച്ചു കൊണ്ട് ചോദിച്ചു:

“നീ എന്തു മടയത്തമാണീ കാണിക്കുന്നത്? ഇത്തിരിപ്പോന്ന നിനക്ക് ഈ കാട്ടുതീ കെടുത്താനാവുമോ?”

കുരുവി പറഞ്ഞു: "ഈ കാട്ടുതീ ഒത്തിരി പക്ഷികളുടെയും മൃഗങ്ങളുടെയും ജീവനെടുക്കുന്നത് കാണുന്നില്ലേ? അങ്ങേക്ക് ശക്തമായ ഒരു മഴകൊണ്ട് ഈ കാട്ടുതീ അണയ്ക്കാം. ഞാൻ എനിക്കാവുന്നത് ചെയ്യുന്നു." ഇത്രയും പറഞ്ഞ് കുരുവി തന്റെ ജോലി തുടർന്നു; തീ തന്റെ ജീവനെടുക്കും വരെ.

**ആനന്ദിന്റെ കഥകൾ** — **ആനന്ദ്**

### കഥപറയാം

കഥ മൗനമായി വായിക്കൂ. സംഘമായി തിരിഞ്ഞ് ഒരാൾ ഒരുവാക്യം എന്ന ക്രമത്തിൽ ആശയം ചോർന്നുപോകാതെ പറയൂ.

### അഭിപ്രായക്കുറിപ്പ്

കാട്ടുതീ ഒത്തിരി പക്ഷികളുടെയും മൃഗങ്ങളുടെയും ജീവനെടുക്കുന്നത് കാണുന്നില്ലേ എന്ന് കുരുവി മഴദേവനോട് ചോദിക്കുന്നു. എന്നാൽ മഴദേവൻ എന്താണ് ചെയ്തത്? രണ്ടുപേരുടെയും മനോഭാവങ്ങളിൽ എന്ത് വ്യത്യാസമാണുള്ളത്? നിങ്ങൾ ആരുടെ ഭാഗത്ത് നിൽക്കുന്നു? നിങ്ങളുടെ അഭിപ്രായം എഴുതുക.

### കഥയെഴുതൂ, പതിപ്പാക്കൂ

ഈ കഥയിലെ കുരുവിയും മഴദേവനും തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ചുവല്ലോ. ഇതിനുപകരം കുരുവിയും കാടും തമ്മിലുള്ള സംഭാഷണമായിരുന്നെങ്കിൽ കഥാഗതിയിൽ എന്തുമാറ്റമാണ് സംഭവിക്കുക? സങ്കല്പിച്ച് കഥയെഴുതി പതിപ്പാക്കൂ.

### ആശയവ്യത്യാസം

ഇത് പലതവണ <u>ആവർത്തിച്ചു</u>.
ഇത് പലതവണ <u>ആവർത്തിക്കും</u>.
ഇത് പലതവണ <u>ആവർത്തിക്കുന്നു</u>.

അടിവരയിട്ട പദങ്ങളുടെ പ്രയോഗം വാക്യങ്ങളുടെ ആശയതലത്തിലുണ്ടാക്കുന്ന മാറ്റം എന്ത്? അതിന്റെ കാരണം ചർച്ചചെയ്യുക. ഇത്തരം പദങ്ങൾ കൂടുതൽ കണ്ടെത്തി എഴുതുക.

## കിളിമൊഴി

എങ്ങനെ വേണം പക്ഷിനിരീക്ഷണം തുടങ്ങാൻ എന്ന് പലരും എന്നോട് ചോദിക്കാറുണ്ട്. പക്ഷിനിരീക്ഷണം ആരംഭിക്കാനുള്ള ഏതാനും നിർദേശങ്ങൾ അഥവാ 'ടിപ്പുകൾ' ഞാൻ പറഞ്ഞുതരാം.

നിങ്ങൾക്ക് പരിചയമില്ലാത്ത ഒരു വിചിത്രപക്ഷിയെ കണ്ടുമുട്ടിയെന്നിരിക്കട്ടെ. അവിടെവച്ചുതന്നെ പക്ഷിയെ സൂക്ഷ്മമായി നിരീക്ഷിച്ച് നിങ്ങളുടെ നോട്ടുബുക്കിൽ അതിന്റെ ഒരു വിവരണം വളരെ വിശദമായി എഴുതണം. പക്ഷിയുടെ വലുപ്പം, വർണ്ണങ്ങൾ, രൂപസവിശേഷതകൾ (Patterns), വ്യത്യസ്ത ശരീരഭാഗങ്ങളുടെ താരതമ്യനീളം, കണ്ണിന്റെയും കൊക്കിന്റെയും കാലുകളുടെയും നിറം എന്നിവയൊക്കെ കുറിച്ചുവച്ചാൽ അത് പക്ഷിയെ തിരിച്ചറിയാൻ സഹായകമാകും. പക്ഷി നിലത്തായിരുന്നോ അതോ മരക്കൊമ്പിലായിരുന്നോ ഇരുന്നിരുന്നത്, ഒറ്റയ്ക്കായിരുന്നോ കൂട്ടമായിട്ടായിരുന്നോ കണ്ടത് എന്നീ



കാര്യങ്ങളും വളരെ പ്രധാനമാണ്. നിങ്ങളുടെ വിവരണം എത്രകണ്ട് വിശദവും കൃത്യവും ആകുന്നോ അത്രകണ്ട് ശരിയാവും പക്ഷിയുടെ തിരിച്ചറിയൽ.

ഏതൊരു പക്ഷിയെയും നിരീക്ഷിക്കുമ്പോൾ അത് ജീവിക്കുന്ന ആവാസവും ആ സമയത്ത് അത് എന്ത് ചെയ്യുകയായിരുന്നു എന്നതും വളരെ പ്രധാനമാണ് എന്നാണെന്റെ വ്യക്തിപരമായ അഭിപ്രായം. ആ പക്ഷി ഏതായിരിക്കും എന്ന് കണ്ടെത്താനുള്ള സാധ്യതകളുടെ പരിധി ചുരുക്കാൻ ഈ വിവരങ്ങൾ സഹായിക്കും. ഉദാഹരണത്തിന് ഒരു പക്ഷിയുടെ നിറം കറുപ്പാണ് എന്നും അത് ബലിക്കാക്കയെക്കാൾ ലേശം വലുതാണെന്നും അതിന്റെ കൊക്ക് കൂർത്തതാണെന്നും ആരെങ്കിലും പറഞ്ഞു എന്നിരിക്കട്ടെ. ഈ പക്ഷികൾ കൂട്ടമായി ഒരു കുളത്തിനു നടുവിലെ പട്ട മരത്തിൽ ചിറകുവിരിച്ചിരുന്ന് വെയിലുകായുകയായിരുന്നു എന്നും അവർ വിവരിക്കുകയാണെങ്കിൽ നിങ്ങൾക്ക് തീർച്ചയാക്കാം, അതൊരു കാക്കയല്ല എന്ന്. ഈ പക്ഷി പറന്ന് ജലാശയത്തിനുമേൽ വന്നിറങ്ങി എന്നും കൂടി അറിഞ്ഞാൽ, നിങ്ങൾക്ക് തീർച്ചയാക്കാം അതൊരു നീർക്കാക്കയാണ് എന്ന്.

ഒരു പ്രദേശത്തെ പക്ഷികളെക്കുറിച്ച് നല്ല വിവരമുള്ള ഒരാളുടെ കൂടെ (അയാൾ വിദഗ്ധനാവണം എന്നൊന്നുമില്ല) പക്ഷികളെ അന്വേഷിച്ചിറങ്ങുക എന്നതാണ് പക്ഷികളെ തിരിച്ചറിയാൻ പഠിക്കാനുള്ള ഏറ്റവും മികച്ച വഴി. വളരെ സൂക്ഷ്മവും ആത്മാർഥവുമായ ശ്രദ്ധയോടെ വേണം പക്ഷികളെ കൃത്യമായി പേരറിഞ്ഞു തിരിച്ചറിയാനും വർഗീകരിക്കാനും. എങ്കിൽ മാത്രമേ നമുക്ക് ലഭിക്കുന്ന വിവരത്തിന് ശാസ്ത്രീയമായ മൂല്യമുണ്ടാവൂ.

**(കിളിമൊഴി - പക്ഷികൾക്ക് വേണ്ടി 35 ഭാഷണങ്ങൾ)** **ഡോ. സാലിം അലി**

**പരിഭാഷ: എസ്. ശാന്തി**

## നിരീക്ഷണക്കുറിപ്പ്

പക്ഷിനിരീക്ഷണത്തെക്കുറിച്ചുള്ള ഡോ. സാലിം അലിയുടെ നിർദേശങ്ങൾ ശ്രദ്ധിച്ചല്ലോ. അവ കൂടി പരിഗണിച്ചുകൊണ്ട് നിങ്ങൾക്കിഷ്ടപ്പെട്ട ഒരു പക്ഷിയെ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.

*കനിവിന്നുറവയാം ഭൂമിക്ക് കാവലായ് നാമെന്നുമുണ്ടാവണം*
*വെട്ടുവാനോങ്ങിടും കൈകളോടരുതെന്നു ചൊല്ലുവാൻ ശീലിക്കണം*

# കൊച്ചുദേവദാരു



വനപാലകന്റെ വീടിന് മുമ്പിലുള്ള തുറന്നപ്രദേശത്ത് ദേവദാരു വൃക്ഷത്തിന്റെ ഒരു കൊച്ചുതൈ വളർന്നിരുന്നു. അടുത്തുള്ള കാട്ടിലെ വൻപൈൻമരങ്ങളും ദേവദാരു വൃക്ഷങ്ങളും അതിനെ വാത്സല്യത്തോടെ നോക്കിയിരുന്നു. ഈ കൊച്ചുദേവദാരുവിന് അത്ര അഴകുണ്ടായിരുന്നു.അതിന്റെ പ്രായത്തിലുള്ള മറ്റു വൃക്ഷത്തൈകളെപ്പോലെ അതും വളർന്നു; വേനലിലെ മഴയിൽ കുളിച്ചും ഹേമന്തത്തിലെ മഞ്ഞുകൊണ്ട് പുതച്ചും. വസന്തത്തിലെ ഊഷ്മളമായ സൂര്യവെളിച്ചത്തിൽ അത് വെയിൽകാഞ്ഞിരുന്നു. കൊടുങ്കാറ്റും ഇടിമിന്നലും വരുമ്പോൾ അത് വിറയ്ക്കുകയും ചെയ്തിരുന്നു. അതിന് ചുറ്റും കാട്ടിലെ ജീവിതം അവിരാമം തുടർന്നുകൊണ്ടേയിരുന്നു. എലികൾ അതിന്റെ ചുവട്ടിൽ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കളിച്ചു. പലതരത്തിലുള്ള ഷഡ്പദങ്ങൾ അതിന്റെ അരികിൽ ജീവിച്ചുവന്നു. വെയിലുള്ളപ്പോൾ ഭംഗിയുള്ള ചിത്രശലഭങ്ങൾ അതിന്റെ ചില്ലകൾക്കിടയിൽ പാറിക്കളിച്ചു. രാവിലെയും വൈകുന്നേരവും പക്ഷികൾ അതിനെ ചുറ്റിപ്പറന്നു. ഒരുദിവസം കൊച്ചുദേവദാരു ശരിക്കും ജീവനുള്ള ഒരു മുയലിനെ കാണുകയും അതുമായി പരിചയപ്പെടുകയും ചെയ്തു. ആ തുറന്ന പ്രദേശത്ത് ഒറ്റയ്ക്കാണ് ദേവദാരു വളർന്നതെങ്കിലും അതിന് ഒരിക്കലും ഏകാന്തത അനുഭവപ്പെട്ടില്ല.

പക്ഷേ, ഒരുദിവസം എവിടെനിന്നോ ഒരു മാഗ്പൈ പറന്നു വന്ന്, ആ കൊച്ചുമരത്തിന്റെ ചില്ലയിൽ ഇരുന്ന് മുമ്പോട്ടും പിറകോട്ടും ആടാൻ തുടങ്ങി.

കൊച്ചുദേവദാരു വിനയത്തോടെ മാഗ്പൈയോടു പറഞ്ഞു, "ദയവായി എന്റെ ചില്ലകളിൽ ഇരുന്ന് ആടരുത്. അത് ഒടിഞ്ഞുപോകും."

മാഗ്പൈ മര്യാദയില്ലാതെ മറുപടി പറഞ്ഞു

"അല്ലെങ്കിലും ഈ ചില്ലകൾ കൊണ്ട് നിനക്ക് എന്തു പ്രയോജനം? എന്തായാലും പുതുവർഷം വരുമ്പോൾ ആരെങ്കിലും നിന്റെ തലപ്പ് മുഴുവൻ വെട്ടിക്കൊണ്ടുപോവും, തീർച്ച!"

"എന്റെ തലപ്പ് ആര് വെട്ടിക്കൊണ്ടുപോകും? എന്തിനുവേണ്ടി?"

ദേവദാരു മൃദുസ്വരത്തിൽ ചോദിച്ചു.

"നിന്നെ ഇഷ്ടപ്പെട്ട ആരെങ്കിലും...."മാഗ്പൈ പറഞ്ഞു "നിനക്ക് അറിഞ്ഞുകൂടെ, പുതുവർഷം വരുമ്പോൾ, ആളുകൾ കാട്ടിൽ വരും, നിന്നെപ്പോലെയുള്ള മരങ്ങൾ വെട്ടിക്കൊണ്ടുപോകാൻ. നീയാണെങ്കിൽ എല്ലാവർക്കും കാണത്തക്ക തുറന്നസ്ഥലത്താണ് നിൽക്കുന്നതും..."

"ഞാനിവിടെ കുറേ വർഷങ്ങളായി പാർക്കുന്നു. ഇതുവരെ എന്നെയാരും ഉപദ്രവിച്ചിട്ടില്ലല്ലോ?"ആ കൊച്ചുമരം തർക്കിക്കാൻ ഒരു വിഫലശ്രമം നടത്തി.

"ശരി നോക്കിക്കോളൂ, ഈ വർഷം ആളുകൾ തീർച്ചയായും നിന്റെ തലപ്പ് വെട്ടിക്കൊണ്ടു പോകും," ദയവില്ലാതെ ഇത്രയും പറഞ്ഞ്, മാഗ്പൈ അതിന്റെ പാട്ടിന് പറന്നുപോയി.

വേനലിലും ശരത്ക്കാലത്തും കൊച്ചുദേവദാരു പേടിയോടെയാണ് ജീവിച്ചത്. മഞ്ഞ് വീഴാൻ തുടങ്ങിയപ്പോൾ അതിന് ഒട്ടും സമാധാനമില്ലാതായി. കാട്ടിലേക്ക് ഓടിപ്പോയി മറ്റു വലിയ മരങ്ങൾക്കിടയിൽ ഒളിക്കാൻ അതിന് കഴിയില്ലല്ലോ....

ഡിസംബർ മാസത്തിൽ കനത്ത മഞ്ഞ് പെയ്തു. വലിയ മരങ്ങളുടെ ശാഖകൾ പോലും മഞ്ഞുവീണ്, ഘനംകൊണ്ട് കീഴോട്ടു ചാഞ്ഞുകിടന്നു. കൊച്ചുദേവദാരുവിന്റെയും അറ്റംവരെ മഞ്ഞിനാൽ മൂടപ്പെട്ടു. "അത് നന്നായി" ആ കൊച്ചുമരം ആശ്വസിച്ചു. "മഞ്ഞു കൊണ്ട് മൂടിയതിനാൽ ആരും എന്നെ കാണുകയില്ലല്ലോ!".

പിന്നെ വർഷത്തിന്റെ അവസാനദിവസം, ഡിസംബർ മുപ്പത്തൊന്നാം തീയതിയും വന്നുചേർന്നു. "ഇന്നത്തെ ദിവസം കൂടി എങ്ങനെയെങ്കിലും കഴിഞ്ഞുകിട്ടിയാൽ മതി... എങ്കിൽ ഞാൻ രക്ഷപ്പെട്ടു." ദേവദാരു ഈ വിധം ചിന്തിച്ചിരിക്കുമ്പോൾ ഒരു മനുഷ്യൻ അതിന്റെ അടുത്തേക്ക് വന്നു. അയാൾ നേരെ അതിന്റെ അടുത്തുചെന്ന്, അതിന്റെ മുകൾഭാഗം പിടിച്ച് ശക്തിയായി കുലുക്കി. മഞ്ഞുപാളികൾ അതിന്റെ ചില്ലകളിൽനിന്ന് താഴെവീണു. ദേവദാരു അതിന്റെ പച്ചച്ച ചില്ലകളെല്ലാം വിടർത്തി ഒരു കൊച്ചുസുന്ദരിയെപ്പോലെ നിലകൊണ്ടു. നിന്നെ ഞാൻ തിരഞ്ഞെടുത്തത് നന്നായി എന്ന് പറഞ്ഞ് ആ മനുഷ്യൻ തൃപ്തിയോടെ ചിരിച്ചു. ഇതുകേട്ട് കൊച്ചുദേവദാരുവിന് ബോധം നഷ്ടപ്പെട്ടത് അയാൾ ശ്രദ്ധിച്ചില്ല.



ബോധം തെളിഞ്ഞപ്പോൾ എന്താണ് സംഭവിച്ചത് എന്ന് ആ കൊച്ചുമരത്തിന് മനസ്സിലായില്ല. എന്താശ്ചര്യം! അതപ്പോഴും അവിടെ ജീവനോടെ നിന്നിരുന്നു! അതിന്റെ ചില്ലകളിൽ പല നിറത്തിലുള്ള രസക്കുടുക്കകൾ അനവധി തൂക്കിയിരുന്നു. അതിന്റെ അടിമുതൽ

അറ്റംവരെ ചില്ലകളിലെല്ലാം വെള്ളിനിറത്തിലുള്ള നൂലുകൾ ചുറ്റിയിരുന്നു; അതിന്റെ അറ്റം സ്വർണ്ണനിറത്തിലുള്ള ഒരു വലിയ നക്ഷത്രം കൊണ്ട് അലങ്കരിച്ചിരുന്നു.

അടുത്തദിവസം, പുതുവർഷം ആരംഭിക്കുന്ന രാവിലെ രണ്ടുകുട്ടികൾ - ഒരു സഹോദരനും സഹോദരിയും - വനപാലകന്റെ വീട്ടിൽനിന്ന് പുറത്തുവന്നു. അവർ മഞ്ഞിൽ തെന്നിനടക്കുന്നതിനുള്ള 'സ്കീ'എന്ന ചെരുപ്പ് കാലിൽ ധരിച്ച് ദേവദാരുവിന്റെ അടുത്തേക്ക് ഓടിവന്നു. വനപാലകനും അവരെ അനുഗമിച്ചു. അയാൾ അവരുടെ അടുത്ത് എത്തിയപ്പോൾ ആ ആൺകുട്ടി പറഞ്ഞു. "പപ്പാ, ഈ കൊച്ചുദേവദാരുമരത്തെ മുറിക്കാതെ നമ്മൾ അതിനെ 'പുതുവർഷമര'മായി അലങ്കരിച്ചത് എത്ര നന്നായി. നല്ല ആശയം തന്നെയിത്. എത്ര മനോഹരമായ കൊച്ചുമരമാണിത്... എല്ലാ പുതുവർഷവും നമ്മൾക്ക് ഈ മരത്തിനെ അലങ്കരിക്കാം."

ഇത് സംഭവിച്ചത് ഒരുപാട് വർഷങ്ങൾക്ക് മുമ്പാണ്. ദയാശീലനും മരങ്ങളെ അത്യധികം സ്നേഹിച്ചിരുന്നവനുമായ ആ വനപാലകൻ മരിച്ച് എത്രയോ വർഷങ്ങളായി. അയാളുടെ മക്കൾ വലുതായി പട്ടണത്തിലേക്ക് താമസം മാറ്റിയിരുന്നു. പക്ഷേ, പുതിയ വനപാലകന്റെ വീട്ടിന്റെ മുമ്പിലുള്ള തുറന്നപ്രദേശത്ത് പൊക്കംകൂടിയ, മെലിഞ്ഞ് സുന്ദരിയായ ദേവദാരുമരം നിന്നിരുന്നു. ഓരോ പുതുവർഷത്തിന്റെ തലേദിവസം വരുമ്പോഴും ആ മരം തന്റെ കുട്ടിക്കാലത്തെപ്പറ്റി ഓർക്കുമായിരുന്നു.....

**ശിശിരത്തിലെ ഓക്കുമരം**
**(റഷ്യൻ കഥകൾ)**
**വിവർത്തനം: സി.തങ്കം**

**സിർഗേയ് മിഹൽക്കോഫ്**



### വായിക്കാം, പറയാം

- ദേവദാരുവിന്റെ പ്രത്യേകതകൾ
- ദേവദാരു ഒറ്റപ്പെടാനുള്ള കാരണങ്ങൾ
- ദേവദാരുവിന് ഭയാശങ്കകൾ ഉണ്ടായ സന്ദർഭങ്ങൾ
- ഡിസംബർ മുപ്പത്തൊന്നാം തീയതി ദേവദാരുവിനുണ്ടായ അനുഭവം

പാഠഭാഗം വായിച്ച്, സൂചനകളുടെ വിശദാംശങ്ങൾ കണ്ടെത്തി പറയുക.

### ആത്മകഥ

ദേവദാരുവിന്റെ ബാല്യകാലം എങ്ങനെയുള്ളതായിരുന്നെന്നും അതിന്റെ ചിന്തകളും ആശങ്കകളും എന്തായിരുന്നെന്നും നിങ്ങൾക്ക് അറിയാം. കൊച്ചുദേവദാരുവിന്റെ അനുഭവങ്ങൾ ആത്മകഥാരൂപത്തിലേക്ക് മാറ്റിയെഴുതൂ.

### വിശദമാക്കാം

'പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സ്നേഹബന്ധമാണ് കൊച്ചുദേവദാരു എന്ന കഥ നൽകുന്ന സന്ദേശം.' വിശദമാക്കുക.

### പദഘടന

- 'വനപാലകന്റെ വീടിന് മുമ്പിലുള്ള തുറന്ന പ്രദേശത്ത് ദേവദാരു വൃക്ഷത്തിന്റെ ഒരു കൊച്ചുതൈ വളർന്നിരുന്നു.'
- 'വസന്തത്തിലെ ഊഷ്മളമായ സൂര്യവെളിച്ചത്തിൽ അത് വെയിൽ കാഞ്ഞിരുന്നു.'

അടിവരയിട്ട പദം ശ്രദ്ധിച്ചുവല്ലോ? അവ വേർതിരിച്ചെഴുതിനോക്കൂ.

| | | |
|---|---|---|
| വനപാലകൻ | - | വനത്തെ പാലിക്കുന്നവൻ |
| സൂര്യവെളിച്ചം | - | ............................................... |

ഇങ്ങനെ പദങ്ങൾ ചേർത്തെഴുതുമ്പൊഴും വേർതിരിച്ചെഴുതുമ്പൊഴും പദഘടനയിൽ എന്തു മാറ്റമാണുണ്ടാവുന്നത്? ചർച്ചചെയ്യൂ. കൂടുതൽ പദങ്ങൾ കണ്ടെത്തൂ.

### ലഘുലേഖ

ലോകപരിസ്ഥിതിദിനത്തിൽ സ്കൂളിൽ വിതരണം ചെയ്യുന്നതിനായി ലഘുലേഖ തയ്യാറാക്കുക.

വിഷയം : പരിസ്ഥിതിയും വികസനവും

## മരങ്ങൾ പൂക്കുന്നത്

ഇരുമരങ്ങളീ വഴിയരികത്ത്
ഒരേ മഴനന,ഞ്ഞൊരേ വെയിൽ കുടി-
ച്ചിരുണ്ട പച്ചിലത്തഴപ്പുമായ് നിൽക്കും
ഒരേ നിലാവു വീണവയുടെ
ഇലത്തലപ്പുകൾ മിന്നും.

ഒരേ നക്ഷത്രങ്ങളവയുടെ മുടി-
യിഴകൾക്കുള്ളിൽ വന്നൊളിച്ചു കൺചിമ്മും
പരസ്പരം മിണ്ടാതൊരേ മണ്ണിൽത്തന്നെ.

ഒരേ കാറ്റിൽ തുള്ളിയിളകുമെന്നാലും
അവരോ വെവ്വേറെ മരങ്ങളായ് നിൽക്കും
ഒരു പുലർച്ചയിൽ ഇരുമരങ്ങളും
നിറയെ പൂക്കളാൽ ജ്വലിച്ചുലഞ്ഞീടും.

ഒരുപക്ഷേ മണ്ണിന്നടിയിൽ ഗൂഢമായ്
അവ തമ്മിൽ വേരാൽ തൊടുന്നുണ്ടാവുമോ?

**റഫീക്ക് അഹമ്മദിന്റെ കവിതകൾ**

**റഫീക്ക് അഹമ്മദ്**

### നിരീക്ഷണക്കുറിപ്പ്

മരങ്ങൾ പൂക്കുന്നത് എന്ന കവിതയിലും കൊച്ചുദേവദാരു എന്ന കഥയിലും ഒരേ ആശയം തന്നെയാണോ പ്രകടമാകുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കൂ

*നിറഞ്ഞാൽ നിൽക്കാനൊരിടമില്ല*
*കനിഞ്ഞാൽ കാലങ്ങളോളം*

# പെരുമഴയത്ത്

മൂക്കുതല ദേശത്തിന്റെ മൂന്നുചുറ്റും കായലാണ്. കായലിന് അന്നൊക്കെ പറഞ്ഞിരുന്ന പേര് കടവ് എന്നാണ്. കിഴക്കുഭാഗം സ്രായിക്കടവ്, തെക്കുഭാഗം ഉപ്പുങ്കൽ കടവ്, പടിഞ്ഞാറു ഭാഗം നരണിക്കടവ്-അങ്ങനെ. വടക്കു കായലില്ല. കരഭൂമിയാണ്. വടക്കുഭാഗത്തുള്ള എടപ്പാൾ ചാലിശ്ശേരി ഭാഗത്തേക്കൊഴികെ മറ്റെല്ലാ പ്രദേശങ്ങളിലേക്കും പോവാൻ തോണി വേണം. വലിയ ഇല്ലങ്ങൾക്കും തറവാടുകൾക്കുമൊക്കെ സ്വന്തമായി തോണികളുണ്ട്. വാലിയക്കാരിൽ ഒന്നു രണ്ടുപേർ തോണികുത്താൻ അറിയുന്നവരുമായിരിക്കും. ദൂരെയുള്ള കോൾപ്പാടങ്ങളിൽ കൊയ്ത്തുകഴിഞ്ഞ് കറ്റ കൊണ്ടുവരുന്നതിനും തെങ്ങിൻതോപ്പുകളിൽ നിന്ന് നാളികേരം കൊണ്ടുവരുന്നതിനും വഞ്ചി കൂടിയേ കഴിയൂ. വഞ്ചി അടുക്കുന്ന സ്ഥലം എന്ന അർഥത്തിലാവാം കായലിനെ കടവ് എന്നു പറഞ്ഞുപോന്നത്.

കായൽ വറ്റിച്ചാണ് കൃഷിയിറക്കുക. ഒറ്റപ്പൂവലാണ് കൃഷി. പുഞ്ച എന്നാണ് പറയുക. കായലിൽ ആദ്യം വലിയ ബണ്ടുകെട്ടും. ഒരു തോടുകീറി വെള്ളം അതിലേക്കു മാറ്റും. ചക്രം ചവിട്ടിയാണ് വെള്ളം തേവിമാറ്റുക. ബണ്ടിന്റെ അടുത്ത് നിരനിരയായി ഇരുപതും മുപ്പതും ചക്രങ്ങൾ ഉണ്ടാവും. പണിക്കാർ ഊഴമിട്ട് രാത്രിയും പകലും ചക്രം ചവിട്ടി വെള്ളം തേവിക്കൊണ്ടിരിക്കും. പൊതുവേ തുലാമാസത്തിലാണിത്. ചവിട്ടുന്നതിന്റെ അധ്വാനം അറിയാതിരിക്കാൻ അവർ പാടിക്കൊണ്ടിരിക്കും. പകലും രാത്രിയും പാട്ടുണ്ടാവുമെങ്കിലും സകലവും നിശ്ശബ്ദമാവുന്ന രാത്രികാലങ്ങളിലാണ് ഞങ്ങൾ കുട്ടികൾ ആ തേക്കുപാട്ട് തെളിഞ്ഞുകേൾക്കുക. പാലാട്ടുകോമന്റെയും മറ്റും കഥകളാണവ. തുലാമാസരാത്രികളിൽ ദൂരെനിന്ന് ഒഴുകിവരുന്ന ആ പാട്ടുകൾ കേട്ടുകൊണ്ടാണ് ഞങ്ങൾ ഉറങ്ങാൻ കിടക്കുക. ഇടയ്ക്കെങ്ങാനും ഉണർന്നാൽ അപ്പോഴും കേൾക്കാം നേർത്തുനേർത്ത് എത്തുന്ന ഈണം.

അങ്ങനെ, തോണിയും വെള്ളവുമൊക്കെയായിട്ടാണ് എന്റെ കുട്ടിക്കാലത്തിനു ബന്ധം. കുളം, കുളി എന്നിങ്ങനെ ഇല്ലത്തും വഞ്ചി, കായൽ എന്നിങ്ങനെ പുറത്തും. പക്ഷേ, വെള്ളം ഞങ്ങളെയെല്ലാം ഒരുതവണ ഭയങ്കരമായി പേടിപ്പിക്കുകയും ചെയ്തു.

എന്റെ പതിമൂന്നാമത്തെ വയസ്സിൽ ഒരു കർക്കടകത്തിലായിരുന്നു അത്. മഴയുള്ള ഒരു സാധാരണ ദിവസമെന്നേ തോന്നിയുള്ളൂ. രാത്രി ഊണുകഴിഞ്ഞ് ഞങ്ങൾ കിടക്കാൻ തുടങ്ങുമ്പോഴാണ് ഭയങ്കരമായ ഒരു കാറ്റിന്റെ വരവ് കേട്ടത്. അസാധാരണമായ ഒരു മുഴക്കത്തോടെയാണ് അത് വീശിയെത്തിയത്. ദൂരെയുള്ള മരങ്ങളിൽ നിന്ന് കൊമ്പുകളും ഇലകളും പറന്ന് നാലിറയത്തെത്തി നടുമുറ്റം നിറയാൻ തുടങ്ങി. കുത്തഴിക്കുള്ളിലൂടെ മുറിയിലേക്കും അവ വന്നുവീണു. വൃക്ഷങ്ങൾ ആടിയുലഞ്ഞ് പൊട്ടിച്ചീന്തുന്ന ശബ്ദം അകത്തു കേൾക്കാമായിരുന്നു. ഉള്ള ജനലുകളും വാതിലുകളുമെല്ലാം കൊട്ടിയടച്ചു. ഞങ്ങൾ പേടിച്ചു വിറച്ച് തെക്കിനിയിലേക്കും വടക്കിനിയിലേക്കും മാറിമാറി ഓടി. എവിടെപ്പോയാലും

രക്ഷയില്ല. ഉറങ്ങാൻ ആർക്കും ധൈര്യമില്ല. അപ്പോഴേക്കും മഴയും പൊട്ടിവീണു. മഴയത്തും കാറ്റത്തുമായി ഇല്ലവളപ്പിലെ മരങ്ങൾ തലങ്ങും വിലങ്ങും കടപുഴകി വീഴാൻ തുടങ്ങി.

മരം വീഴുന്ന കൂറ്റൻ അലർച്ച ഇടവിട്ട് ഇടവിട്ട് കേൾക്കാം. ഭാഗ്യത്തിന് എന്തുകൊണ്ടോ, ഇല്ലത്തിന്റെ മേൽപ്പുരയിലേക്ക് മരമൊന്നും വന്നുവീണില്ല.

വെളുപ്പാൻകാലമായപ്പോഴേക്കും കാറ്റിന്റെ ശക്തി തെല്ലുകുറഞ്ഞു. അതിന്റെ ചൂളംവിളി ഒന്നു പതിഞ്ഞു. അപ്പോൾ മാത്രമാണ് ഞങ്ങൾ ഉറങ്ങാൻ കിടന്നത്. ഉണർന്നപ്പോളാവട്ടെ പുറത്ത് അതിശക്തിയായി മഴ. അന്തർജനങ്ങൾക്ക് കുളിക്കാൻ പോകാൻ പറ്റുന്നില്ല. മുറ്റത്ത് മുഴുവൻ മരക്കൊമ്പുകളും ഇലയും വെള്ളവുമാണ്. വെള്ളം കാണെക്കാണെ പൊങ്ങിക്കൊണ്ടിരുന്നു. വടക്കുപുറത്തെ മുറ്റം വെള്ളത്തിലായി. കുളവും മുറ്റവും കിണറും ഒന്നാവാൻ തുടങ്ങി. അന്ന് ഞങ്ങൾക്കാർക്കും കുളിയുണ്ടായില്ല. തേവാരവും മുടങ്ങി. മഴ അപ്പോഴും തുള്ളിമുറിയാതെ പെയ്തുകൊണ്ടേയിരുന്നു. കാണാവുന്നിടത്തെല്ലാം വെള്ളം. വെള്ളപ്പൊക്കമാണ് ഇതെന്ന് അന്നൊന്നും മനസ്സിലായില്ല. മൂന്നുദിവസം കഴിഞ്ഞപ്പോഴാണ് മഴ ശമിച്ചത്. പിന്നെപ്പിന്നെ വെള്ളം താണുതുടങ്ങി.



1942-ലായിരുന്നു ഇത്. എം.ടി. വാസുദേവൻ നായരുടെ 'നാലുകെട്ടി'ൽ പരാമർശിക്കുന്ന വെള്ളപ്പൊക്കം ഇതായിരുന്നിരിക്കണമെന്ന് കാലംവച്ചു നോക്കുമ്പോൾ തോന്നുന്നു. വെള്ളപ്പൊക്കംകൊണ്ട് നാട്ടിൽ പലർക്കും വിലക്കുറവിൽ ഒട്ടേറെ മരത്തടികൾ സ്വന്തമായി കിട്ടി. പുഴയിൽ ഒലിച്ചുവന്ന കാട്ടിലെ മരങ്ങൾ സാഹസികമായി വടമെറിഞ്ഞ് പിടിച്ച് വേണ്ടവർക്ക് വിൽക്കുകയായിരുന്നു. 1943-ൽ ഞാൻ വിവാഹം കഴിഞ്ഞ് നിലയങ്ങോട്ട് എത്തുമ്പോൾ നീണ്ട തെക്കേ ഇറയം മുഴുവൻ ഇങ്ങനെ വാങ്ങിക്കൂട്ടിയ വില പിടിപ്പുള്ള മരങ്ങൾ ഈർന്ന് വൃത്തിയാക്കി അട്ടംമുട്ടെ കൂട്ടിയിട്ടത് കണ്ടിരുന്നു.

വെള്ളം വന്ന് വാതിൽപ്പടിയിൽ തൊട്ട ദിവസങ്ങളിൽ അമ്മമാർ തമ്മിൽ തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നത് അതിനുമുമ്പു നടന്ന മറ്റൊരു വെള്ളപ്പൊക്കത്തെക്കുറിച്ചായിരുന്നു. തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം എന്നാണ് അതിനെ വിശേഷിപ്പിച്ചത്. ഇംഗ്ലീഷ് വർഷപ്രകാരം 1923-'24 കാലമാണത്. ഞാൻ ജനിക്കുന്നതിന് നാലഞ്ചുവർഷം മുമ്പ്. ഭാരതപ്പുഴയുടെ വക്കത്തുള്ള ഞങ്ങളുടെ ഒരു ബന്ധുഗൃഹമായ ഇല്ലത്തെ കാര്യമാണ് അമ്മമാർ തമ്മിൽ പറഞ്ഞുകൊണ്ടിരുന്നത്. ഭയങ്കരമായ മഴയോടൊപ്പം ഒരു സന്ധ്യാനേരത്താണ് പെട്ടെന്ന് വെള്ളംപൊങ്ങാൻ തുടങ്ങിയത്. പുറവെള്ളം ഏന്തിവരുന്നത് എന്നേ ആദ്യം എല്ലാവരും കരുതിയുള്ളു. പക്ഷേ, വെള്ളത്തിന്റെ തള്ളിക്കയറ്റം അങ്ങനെയൊന്നും കലാശിച്ചില്ല. തൊടി മുഴുവൻ വിഴുങ്ങിയ വെള്ളം ഉമ്മറപ്പടിയിൽ എത്തി. കുട്ടികൾ സന്തോഷിച്ചു. അവരുടെ മേലുകഴുകൽ ഉമ്മറപ്പടിയിൽ വച്ചാവാമല്ലോ. എന്നാൽ നോക്കിനിൽക്കെ ഉമ്മറപ്പടിയും കടന്ന് വെള്ളം അകത്തേക്ക് കയറിയെത്തി. അകത്ത് ചുമരുകൾക്കിടയിൽ വെള്ളം ഓളംവെട്ടി. വാതിലുകളെല്ലാം മലർക്കെ തുറന്നിട്ടു. കാറ്റുവരുമ്പോൾ വാതിൽ അടയ്ക്കുക! വെള്ളം വരുമ്പോൾ വാതിൽ തുറക്കുക എന്നതായിരുന്നു അന്നത്തെ ഒരു നാട്ടറിവ്. ഇടനാഴികളിലാണ് വെള്ളത്തിന്റെ കുത്തും തള്ളലും ഏറെ ശക്തമായത്. എല്ലാവരും മുകളിലെത്തി. പാത്രങ്ങളും മുകളിലേക്കു കയറ്റി. വെള്ളവും കോണിപ്പടി കയറിവരാൻ തുടങ്ങി. ജീവൻ രക്ഷിക്കാനുള്ള വഴിയെക്കുറിച്ചുമാത്രമായി ചിന്ത. രാത്രി മുഴുവൻ അവർ മുകൾനിലയിൽ കഴിച്ചു. പിന്നീട് തോണിയുമായി വന്ന നാട്ടുകാർ അവരെ രക്ഷപ്പെടുത്തുകയായിരുന്നു.

**ദേവകി നിലയങ്ങോട്**

**മഴക്കാലം - മഴയുടെ രസവും രഹസ്യങ്ങളും**
**(മഴവെള്ളം എന്ന ലേഖനത്തിൽനിന്ന്)**
**എഡിറ്റർ: ടോം ജെ.മങ്ങാട്ട്**

### പത്രവാർത്ത

വെള്ളപ്പൊക്കത്തിന്റെ കാഠിന്യം എത്രത്തോളം ഒരു നാട് അനുഭവിച്ചു എന്ന് ലേഖനത്തിൽ നിന്ന് മനസ്സിലായല്ലോ. പിറ്റേദിവസത്തെ പത്രത്തിൽ അതേക്കുറിച്ച് വരാൻ ഇടയുള്ള ഒരു വാർത്ത തയ്യാറാക്കൂ. യോജിച്ച തലക്കെട്ടും നൽകുക.

### നാട്ടറിവുകൾ

'കാറ്റ് വരുമ്പോൾ വാതിൽ അടയ്ക്കുക,
വെള്ളം വരുമ്പോൾ വാതിൽ തുറക്കുക.'

ഇത്തരം നാട്ടറിവുകൾ എപ്രകാരമാണ് നമ്മുടെ ഗ്രാമീണജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്നതെന്ന് ചർച്ചചെയ്യൂ. കൂടുതൽ നാട്ടറിവുകൾ ശേഖരിക്കൂ.

### ഡോക്യുമെന്ററി

നിങ്ങളുടെ പ്രദേശത്തെ പ്രകൃതിഭംഗിയും പാരിസ്ഥിതിക പ്രശ്നങ്ങളും അവതരിപ്പിക്കുന്ന ഒരു ഡോക്യുമെന്ററി തയ്യാറാക്കുക.

### വാങ്മയചിത്രം

മൂന്നുഭാഗം കായലും ഒരുഭാഗം കരയുമുള്ള തന്റെ നാടിന്റെ ചിത്രം എഴുത്തുകാരി വിവരിച്ചിരിക്കുന്നത് വായിച്ചുവല്ലോ. നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന്റെ ഒരു വാങ്മയചിത്രം തയ്യാറാക്കൂ.

### നിവേദനം

വർഷംതോറും വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന ദുരിതങ്ങൾ അനുഭവിക്കുന്നവരാണ് നാം. പ്രളയത്തിന് കാരണമാകുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് ചിന്തിച്ചിട്ടുണ്ടോ?

ചിലത് നോക്കൂ.

- വനനശീകരണം
- പുഴകളും പാടങ്ങളും മണ്ണിട്ട് നികത്തൽ
- ജലാശയങ്ങൾ പ്ലാസ്റ്റിക് മാലിന്യം കൊണ്ട് നിറയൽ
- കുന്നിടിക്കൽ
- അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ
- 
- 

നിങ്ങളുടെ പ്രദേശത്തെ ഇത്തരത്തിലുള്ള ഒരു പ്രശ്നം അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഒരു നിവേദനം തയ്യാറാക്കൂ.

# 2

# ആയുരാരോഗ്യസൗഖ്യം

എല്ലുമുറിയെ
പണിതാൽ
പല്ലുമുറിയെ
തിന്നാം.

അരവയറുണ്ടാൽ
ആരോഗ്യം

ആധി കൂടിയാൽ
വ്യാധി

പയ്യെത്തിന്നാൽ
പനയും തിന്നാം.

നടന്നു കൊയ്താൽ
ഇരുന്നുണ്ണാം.

മുകളിൽ കൊടുത്ത പഴഞ്ചൊല്ലുകളെ വ്യാഖ്യാനിക്കുക.

*ഉണ്ടവന് പായ കിട്ടാഞ്ഞിട്ടും ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ടും എന്നല്ലേ ചൊല്ല്. ഉണ്ടവന്റെയും ഉണ്ണാത്തവന്റെയും അവസ്ഥ ഒന്നുതന്നെയോ?*

# പ്രത്യാശയുടെ കിരണങ്ങൾ

"എന്താണസുഖം? അധികം നീട്ടാതെ ഒറ്റവാക്കിൽ പറഞ്ഞോളൂ."

"ക്ഷീണം... കലശലായ ക്ഷീണം." ഇത്രയും പറഞ്ഞ് അയാൾ ചുണ്ടുകൾ അടച്ചുപിടിച്ചു.

"എന്തിനാണീ കലശൽ - ക്ഷീണം മാത്രം പോരെ?" ഡോക്ടർ സന്തുകുമാർ രോഗിയുടെ കൺപോളകൾ വിടർത്തുകയും നാവുനോക്കുകയും നാഡി പിടിക്കുകയും ചെയ്തശേഷം ചോദിച്ചു:

"പാല് കുടിക്കാറുണ്ടോ?"

"ഇല്ല."

"മുട്ട തിന്നാറുണ്ടോ?"

"ഇല്ല."

"ഇറച്ചിയും മീനും തിന്നാറുണ്ടോ?"

"ഇല്ല."

സന്തുകുമാറിന്റെ ഭാവം മാറി, ദേഷ്യവും ഈർഷ്യയും കലർന്ന സ്വരത്തിൽ അദ്ദേഹം ചോദിച്ചു.

"പുല്ല് തിന്നാറുണ്ടോ?"

രോഗി കണ്ണുകൾ ചിമ്മിയ ശേഷം പറഞ്ഞു.

"സർ, ഒരർഥത്തിൽ പുല്ലുതിന്നാൻ പോലും വകയില്ല. ഈശ്വരഭക്തനായ, കൈക്കൂലി വാങ്ങാത്ത ഒരു ശിപായിയാണു ഞാൻ. സർ, അച്ഛനമ്മമാരെയും ഭാര്യാമക്കളെയും പോറ്റാൻ തന്നെ ശമ്പളം തികയുകയില്ല."

രോഗിയുടെ ചുമലിൽ തട്ടി സന്തുകുമാർ അയാളെ എഴുന്നേൽപ്പിച്ചു കട്ടിലിൽ കിടത്തി. സ്നേഹത്തോടും ദയയോടും കൂടിയാണ് പിന്നീടുള്ള അദ്ദേഹത്തിന്റെ നീക്കങ്ങൾ ആരംഭിച്ചത്. രോഗിയെ നന്നായി പരിശോധിച്ചു. അലമാര തുറന്ന് മുന്തിയ ടോണിക്കുകളും ബിസ്കറ്റുകളും അദ്ദേഹം അയാൾക്ക് കൊടുത്തു.

"ചങ്ങാതീ തനിക്ക് ഒരു രോഗവുമില്ല. ഭക്ഷണത്തിന്റെ കുറവാണ് ക്ഷീണത്തിന് കാരണം. പതിവായി കടലയും പയറും കഴിക്കുക, തരം കിട്ടുമ്പോൾ മത്സ്യമാംസങ്ങളും കഴിച്ചോളൂ. ഇടയ്ക്കിടെ വന്നാൽ ഇത്തരം മരുന്നുകളും തരാം."

പ്രത്യാശയുടെ കിരണങ്ങൾ രോഗിയുടെ കണ്ണുകളിൽ നിഴലിച്ചു.

"ശരി പോയ്ക്കോളൂ". സന്തുകുമാർ പറഞ്ഞു. "പുല്ലുമാത്രം തിന്നുനടന്നാൽ ചത്തുപോകും, ഞാൻ പറഞ്ഞേക്കാം. പിന്നെ വേറൊരു കാര്യം. എല്ലാ ഫയലുകളും വേഗം വേഗം എത്തിച്ചുകൊടുക്കണം കേട്ടോ."

• • •

ഡോക്ടർ സന്തുകുമാറിനെക്കാൾ തടിച്ചുകൊഴുത്ത ഒരു മനുഷ്യൻ കയറിവന്നു. അറുപതി

ലധികം പ്രായം കാണും. വിരലുകൾ നിറയെ സ്വർണ്ണമോതിരങ്ങൾ. വിലപിടിച്ച സെന്റിന്റെ പരിമളം. ചന്ദനത്തൈലത്തിന്റെ സുഗന്ധം.



“അല്ലാ, നിങ്ങൾ ഇതുവരെ മരിച്ചിട്ടില്ലേ?”

ഡോക്ടർ സന്തുകുമാർ ചോദിച്ചു

“ഇല്ല, ഞാൻ മരിച്ചിട്ടില്ല.”

സന്തുകുമാറിന്റെ ഒ.പി.യിലെ ഒരു സ്ഥിരം രോഗിയാണ് ഈ ധനികൻ. ഇയാളെ കാണുമ്പോഴൊക്കെ സന്തുകുമാർ ആദ്യം ചോദിക്കുന്ന കുശലമാണിത്.

“ഹ... ഹ.. ഹ...” ധനികൻ പൊട്ടിച്ചിരിക്കുകയാണ്.

ബഞ്ചിൽ ഇരുന്ന് കിതപ്പ് മാറ്റിയശേഷം ധനികൻ പറഞ്ഞു:

“പ്രഷറു നോക്കണം, പഞ്ചസാര നോക്കണം,
ഇ.സി.ജി.എടുക്കണം.
ദൈവമേ എനിക്കെന്നാണ് പ്രഷറ് വരിക. എന്റെ മൂത്രത്തിലെന്നാണ് പഞ്ചസാര ഉണ്ടാവുക.”

ധനികന്റെ സ്ഥിരമായ ആവശ്യങ്ങളാണിത്. അദ്ദേഹത്തിന്റെ ധനികരായ സുഹൃത്തുക്കൾക്കെല്ലാം പ്രഷറും ഷുഗറും അറ്റാക്കുമുണ്ട്. പലരും കാലയവനികയ്ക്കുള്ളിൽ മറയുകയും ചെയ്തു.

“എന്തിനാണ് ഇത്രനേരത്തെ മരിക്കുന്നത്?” സന്തുകുമാർ ചോദിച്ചു. പതിവായുള്ള ചോദ്യം. “മരിക്കുകയൊന്നും വേണ്ട. എനിക്ക് വേണ്ടത് നല്ലനല്ല രോഗങ്ങളാണ്. എന്നിട്ട് ചികിത്സിക്കണം. മരുന്നു കഴിക്കണം. അങ്ങനെ രോഗം മാറി ഞാൻ ഒരുപാടുകാലം ജീവിക്കണം. എനിക്കുമില്ലേ ഒരു ഗുളിക കഴിക്കാൻ പൂതി.”

ധനികന്റെ കാതിലുള്ള വൈരക്കല്ല് വച്ച കടുക്കൻ തൊട്ടുകൊണ്ട് സന്തുകുമാർ ചോദിച്ചു.

“ലാല, എന്തിനാണീ കടുക്കൻ? ഇതു ഭാര്യയ്ക്ക് കൊടുത്തേക്ക്. അവർക്ക് നല്ല ചേർച്ചയായിരിക്കും”

“ഇല്ല ഞാനിത് ഊരുകയില്ല. പെൺമക്കൾ ഇല്ലാത്ത എന്റെ അമ്മയുടെ അവസാനത്തെ സന്താനമായിരുന്നല്ലോ ഞാൻ. സന്തു നിനക്കറിയാമോ അതൊക്കെ?”

സന്തുകുമാറിനെ സന്തു എന്നും ഡോക്ടർ എന്നും ധനികൻ മാറിമാറി വിളിക്കും. അത്രയും അടുപ്പത്തിലാണവർ.

ഒ.പി.യിലെ ഒരുപിടി സമയം അപഹരിച്ചുകൊണ്ട് ധനികനും പരിവാരവും ഇറങ്ങി.

**മരുന്ന്** **പുനത്തിൽ കുഞ്ഞബ്ദുള്ള**

### ചർച്ച ചെയ്യാം

- "ഒരർഥത്തിൽ പുല്ല് തിന്നാൻ പോലും വകയില്ല."
- "എനിക്കു വേണ്ടത് നല്ലനല്ല രോഗങ്ങളാണ്."
- "പുല്ലു മാത്രം തിന്നുനടന്നാൽ ചത്തുപോകും. ഞാൻ പറഞ്ഞേക്കാം."

ഈ വാക്യങ്ങൾ വിശകലനം ചെയ്ത് പാഠഭാഗത്ത് തെളിയുന്ന ജീവിതാവസ്ഥ ചർച്ച ചെയ്യുക.

### തത്സമയ ചിരിയരങ്ങ്

കഥയിലെ ഡോക്ടർ, ദരിദ്രനായ രോഗി, സമ്പന്നൻ എന്നിവരുടെ സ്വഭാവസവിശേഷതകൾ മനസ്സിലാക്കിയല്ലോ. ഈ കഥാപാത്രങ്ങളെ നിങ്ങളാണ് അവതരിപ്പിക്കുന്നതെങ്കിൽ എന്തെല്ലാം തമാശകൾ പറയും? സ്ക്രിപ്റ്റ് തയ്യാറാക്കി ഒരു തത്സമയ ചിരിയരങ്ങ് (സ്റ്റാന്റപ് കോമഡി) സംഘടിപ്പിക്കുക.

സൂചനകൾ

- രസകരമായ സന്ദർഭങ്ങൾ
- ചിരി ഉണർത്തുന്നതും കുറിക്കുകൊള്ളുന്നതുമായ സംഭാഷണങ്ങൾ
- കഥാപാത്രങ്ങളുടെ അംഗചലനങ്ങൾ
- 

ക്ലാസിൽ വികസിപ്പിച്ച സൂചകങ്ങളുടെ സഹായത്തോടെ അവതരണം വിലയിരുത്തൂ.

### കണ്ടെത്താം എഴുതാം

<u>കലശലായ</u> ക്ഷീണം

<u>നന്നായി</u> പരിശോധിച്ചു

<u>വേഗം</u> എത്തിച്ചുകൊടുക്കണം

അടിവരയിട്ട പദങ്ങൾ ആശയതലത്തിൽ വരുത്തുന്ന മാറ്റമെന്ത്? കണ്ടെത്തി എഴുതുക.

### വരയും ചിരിയും

കലാവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കാർട്ടൂൺ രചന പരിചയപ്പെട്ടിട്ടുണ്ടല്ലോ. പ്രത്യാശയുടെ കിരണങ്ങൾ എന്ന പാഠത്തിലെ ഉചിതസന്ദർഭങ്ങളെ കാർട്ടൂൺ ആക്കി മാറ്റുക.

### സർവേഫോറം

സമൂഹത്തിൽ വർധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിന്റെ മുന്നോടിയായി വിവരശേഖരണം നടത്തുന്നതിന് ഒരു സർവേ ഫോറം തയ്യാറാക്കുക

*സർവേഫോറത്തിൽ എന്തെല്ലാം*

- പ്രദേശത്തിന്റെ പേരും തരവും
- വ്യക്തിഗത വിവരങ്ങൾ (ആൺ, പെൺ, വയസ്സ്, ....)
- ശേഖരിക്കേണ്ട വിവരങ്ങൾ
- ചോദ്യാവലി
- സമയക്രമം
- 

# നിലനില്പീയം

പല്ലുതേച്ച് പ്രാതലിനിരുന്നു. ആവിയിൽ വിടർന്ന വെള്ളാമ്പൽ ഇഡ്ഡലികൾ. രണ്ടിഡ്ഡലി ചട്ണിയിൽ മുക്കിത്തിന്നു. രണ്ടെണ്ണം പൊടി കൂട്ടിത്തിന്നു. രണ്ടെണ്ണം മുളകരച്ചതു കൂട്ടിത്തിന്നു. രണ്ടെണ്ണം പഞ്ചസാര ചേർത്തു തിന്നു. രണ്ടുഗ്ലാസ് കാപ്പികുടിച്ചു.

പഴയരിച്ചോറ്, വെണ്ടയ്ക്കാസാമ്പാർ, ഇളവനും പച്ചമുളകും ചേർത്ത് ഓലൻ, വഴുതനങ്ങയും ഉള്ളിയും ചേർന്നുള്ള മെഴുക്കുപുരട്ടി, കടുമാങ്ങ, പപ്പടം, മോര്. ഉണ്ടു;

അട്ടം മുട്ടുന്നതുവരെ ഉണ്ടു. ട്രാൻസിസ്റ്ററുമെടുത്ത് കിടപ്പുമുറിയിൽ പോയി.

റേഡിയോ തലയ്ക്കുവച്ച് കിടന്നു. തിരുവനന്തപുരം, തൃശൂർ നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്ന പ്രാദേശികവാർത്തകൾ കേട്ടു. തൊഴിലാളിമണ്ഡലം തുടങ്ങിയപ്പോൾ ബോധം കെട്ടു. രണ്ടുമണിക്ക് പ്രക്ഷേപണം അവസാനിച്ചപ്പോൾ ബോധം തിരിച്ചുകിട്ടി. മൂന്നുമണിവരെ കിടന്നുറങ്ങി.

മൂന്നരയ്ക്ക് ചായ, പലഹാരം. അരിയും ഉഴുന്നും മുളകും ഉള്ളിയും ഉപ്പും പരുക്കനായരച്ചു മുരിങ്ങയില ചേർത്ത് നിർമ്മിച്ച അപ്പമായിരുന്നു. മൂന്നെണ്ണം തിന്നു. തളരുവോളം ചായ കുടിച്ചു.

സായന്തനത്തിന്റെ പുറത്തു സവാരിക്കിറങ്ങി. ബഹുദൂരം നടന്നു. വഴിക്ക് ആരോടും മിണ്ടിയില്ല. സന്ധ്യയ്ക്കു ഗൃഹം പൂകി. അസന ഏലാദി എണ്ണയും ചന്ദനസോപ്പും തേച്ചു കുളിച്ചു. എട്ടിന് അത്താഴം. ചപ്പാത്തിയും ഉരുളക്കിഴങ്ങും പാലും. പത്തുമണിക്ക് ഉറങ്ങാൻ കിടന്നു. ജീവിതത്തിൽ കൃതകൃത്യത അനുഭവപ്പെട്ടു. ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നു. തിന്നേണ്ടതെല്ലാം തിന്നിരിക്കുന്നു. ഇനി മരിക്കാം. ഇതൊരു ചാൻസാണ്. മരിക്കാൻ കിടന്നു. യഥാസമയം മരിച്ചു. പുലർച്ചെ ശവമെടുത്തു.

വീട്ടുകാർ കേൾക്കാത്തത്ര ദൂരത്തായപ്പോൾ പയ്യൻ ശവമഞ്ചവാഹകരോട് ചോദിച്ചു.

“അവിടെയും രാവിലെ ഇഡ്ഡലി തന്നെയല്ലേ?”



**പയ്യൻ കഥകൾ** — **വി.കെ.എൻ**

### പാനൽചർച്ച

നിലനില്പ്പീയം, പ്രത്യാശയുടെ കിരണങ്ങൾ എന്നീ പാഠഭാഗങ്ങളിലെ ആശയങ്ങളുടെ സമാനതകൾ എന്തെല്ലാം? ഇവ പ്രയോജനപ്പെടുത്തി 'മലയാളിയുടെ മാറുന്ന ഭക്ഷണശീലങ്ങൾ' എന്ന വിഷയത്തിൽ ഒരു പാനൽ ചർച്ച സംഘടിപ്പിക്കുക. ചുവടെ കൊടുത്ത ചിത്രം കൂടി പ്രയോജനപ്പെടുത്തുമല്ലോ.



*സുഖദുഃഖങ്ങളുടെ മറുമൊഴിയല്ലോ ഹൃദയതാളം.*
*മരിക്കുവോളം മനുഷ്യനിൽ തുടിക്കുന്ന ജീവരാഗം.*

# ഒപ്പം മിടിക്കുന്നത്



'മടിച്ചു നിൽക്കയോ ഹൃദയമേ, നിന്റെ
മിടിപ്പുകൊണ്ടു നീ മടുത്തുപോകയോ?
പറയൂ നീ നിന്റെ പഴയമാതിരി
തുടിപ്പും തുഷ്ടിയും മറന്നുപോകയോ?'

'പറയുവാനല്പം മടിയുണ്ടെങ്കിലും
പറയേണ്ട കാലം അടുത്തുപോയി, സർ.
വളരെ നാളായി മിടിക്കുന്നു ഞാനി -
പ്പഴയ കൂട്ടിലെയിണക്കിളിപോലെ

തടിച്ച ദുഃഖങ്ങൾ തകർത്തു പെയ്ത നാൾ
തരുണസൗഖ്യങ്ങൾ തടവി നിന്ന നാൾ
തുടിച്ചു ഞാനകം തുടുത്തു വേണ്ടപോൽ
മിടിച്ചുപോന്നതും മറക്കരുതു, സർ.

'കഴിവുപോലെ ഞാൻ തുടരുമെങ്കിലും
വഴിയിലെപ്പോഴെന്നറിയുകില്ല, സർ.'
'ശരി, ഹൃദയമേ, നിനക്കു നന്ദി മു -
ന്നറിവു തന്നതിൽ കൃതജ്ഞനാണു ഞാൻ.

മിടിപ്പുകൾക്കിടയ്ക്കനന്തകാലങ്ങൾ
ചിലപ്പോഴൊക്കെ ഞാൻ ശ്രവിച്ചുവെങ്കിലും
ശരിക്കു നീ ചെയ്തൊരുപകാരം മേലിൽ
മറക്കുകി,ല്ലെനിക്കൊരേ സുഹൃത്തു നീ!'

**പകലുകൾ രാത്രികൾ**

**അയ്യപ്പപ്പണിക്കർ**

## വിശകലനക്കുറിപ്പ്

ഹൃദയത്തെ ആത്മസുഹൃത്തായാണ് കവി സങ്കല്പിക്കുന്നത്. ഇത് സൂചിപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് കവിതയിലുള്ളത്? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## കണ്ടെത്തിയെഴുതാം

"തടിച്ച ദുഃഖങ്ങൾ തകർത്തു പെയ്തനാൾ
തരുണസൗഖ്യങ്ങൾ തടവി നിന്ന നാൾ-"

ഈ വരികളെ ആകർഷകമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം? കണ്ടെത്തി എഴുതൂ.

## സംഘാലാപനം

"പടവുകളെല്ലാം ജലം വിഴുങ്ങുന്നു
മഴയുടെ മിഴാവൊലി മുഴങ്ങുന്നു"

ഈ വരികളുടെ താളത്തിൽ 'ഒപ്പം മിടിക്കുന്നത്' എന്ന കവിത ചൊല്ലാൻ കഴിയുന്നുണ്ടോ? ചൊല്ലിനോക്കൂ. സമാനതാളമുള്ള മറ്റു കവിതാശകലങ്ങൾ ശേഖരിക്കുക. സംഘമായി ചൊല്ലി അവതരിപ്പിക്കുക

## കാവ്യരചന

"മടിച്ചു നിൽക്കയോ ഹൃദയമേ നിന്റെ
മിടിപ്പുകൊണ്ടു നീ മടുത്തു പോകയോ?"
. . . . . . . . . . . . . . . . . . . . . . . . . . . . . . . .

എന്ന കവിയുടെ ചോദ്യത്തിന് ഹൃദയം നൽകിയ മറുപടി കേട്ടില്ലേ... ഇതുപോലെ കണ്ണുകൾക്കും കാതുകൾക്കും പറയാനുണ്ടാവില്ലേ? എന്തൊക്കെയാവും അവ? ഭാവനയിൽ കണ്ട് ലഘുകവിത എഴുതുക.

## ഔചിത്യം കണ്ടെത്തുക

'ഒപ്പം മിടിക്കുന്നത് ' - കവിതയുടെ ആശയവുമായി ബന്ധപ്പെടുത്തി ശീർഷകത്തിന്റെ ഔചിത്യം ചർച്ചചെയ്യുക.

*വീണുയർന്നു വളരണം, കണ്ണുരണ്ടും തെളിയണം*
*പൂവിരിഞ്ഞ വഴികളിൽ മുള്ളുകണ്ടു നീങ്ങണം...*

# സ്നേഹപൂർവം, അമ്മ

കുഞ്ഞുമോനേ,

നിന്റെ കത്തുകിട്ടിയിട്ടു മൂന്നാഴ്ചയായി. അമ്മ എന്നും നോക്കിയിരിക്കുകയാണ്; ആ മഹാനഗരത്തിൽ നീ തനിച്ചാണല്ലോ.

അമ്മയ്ക്ക് പരിഭ്രമത്തിന് ഇന്നലെ പ്രത്യേകിച്ച് ഒരു കാര്യംകൂടിയുണ്ടായി. ഒരു കൂട്ടുകാരിക്കുവേണ്ടി മനോരോഗാശുപത്രിയിലെ ഡോക്ടറോടു ചില കാര്യങ്ങൾ ചോദിക്കാൻ ഞങ്ങൾ ഇന്നലെ അവിടെപ്പോയി. ഡോക്ടർ വാർഡിലായിരുന്നു. അദ്ദേഹത്തെ കണ്ടിട്ട് ഞങ്ങൾ മടങ്ങുമ്പോൾ, നിരനിരയായുള്ള മുറികളിൽനിന്നുയരുന്ന ബഹളവും പുലമ്പലും ചിരിയും കരച്ചിലുമെല്ലാം കേട്ടുകൊണ്ട് തിടുക്കത്തിൽ പോരുമ്പോൾ, പെട്ടെന്ന് അമ്മേ, അമ്മേ എന്ന് ഉറക്കെയുള്ള ഒരു വിളി! ഞാൻ ഞെട്ടിത്തെറിച്ചുപോയി. മോനേ, നിന്റെ ശബ്ദമായിരുന്നു അത്! ആ വിളി കേട്ടിടത്തേക്ക് ഞാൻ ഓടിച്ചെന്നു. അഴികളിൽ പിടിച്ചുകൊണ്ട് ആ കുട്ടി നില്ക്കുന്നു; വെളുത്തു നിവർന്ന ഒരു പതിനെട്ടുകാരൻ. നിന്റെ അതേ മട്ട്. അതേ നിറവും ചുരുണ്ട മുടിയും അതേ മുഖഭാവവും. പക്ഷേ, കണ്ണുകൾ കുഴിഞ്ഞ്, കറുത്ത് ശൂന്യമായി, നെഞ്ചു കൂടുകെട്ടി, ആകെ പരവശനായി മലിനനായി അവൻ അഴികൾക്കിടയിലൂടെ എന്റെ നേർക്കു കൈനീട്ടി ഉറക്കെ കരഞ്ഞുവിളിക്കാൻ തുടങ്ങി: "അമ്മേ! അമ്മേ, അമ്മ പോവല്ലേ! എന്നെ ഇവിടെ വിട്ടിട്ടു പോവല്ലേ!" ഞാനാ നീട്ടിയ കൈപിടിച്ചു 'കരയല്ലേ മോനേ' എന്നാശ്വസിപ്പിച്ചു. "എന്റെ കുട്ടിക്ക് എന്തു പറ്റി" എന്നു ചോദിച്ചു. അവൻ കണ്ണീരുതുടച്ചുകൊണ്ടു പറഞ്ഞു: "അമ്മേ മദ്യവും മയക്കുമരുന്നുകളും എന്നെ ഇവിടെക്കൊണ്ടുവന്നു." അവൻ തേങ്ങിത്തേങ്ങിക്കരയാൻ തുടങ്ങി. മുറിയിലുള്ള മറ്റു രോഗികൾ അവനെ ശാസിക്കുന്നു.



അവിടെ നിന്ന ഒരാശുപത്രി ജോലിക്കാരൻ പറഞ്ഞു: "ഈ കൊച്ചൻ എഞ്ചിനീയറിങ്ങിനു പഠിക്കുകയായിരുന്നു. വല്യപാട്ടുകാരനാ! ഒക്കെ തുലച്ചു. ഇവനൊക്കെ ആദ്യമാദ്യം ഒരു രസത്തിനു തുടങ്ങും - പിന്നെ ഗതിയില്ല." പെട്ടെന്ന് അവന്റെ ഭാവം മാറി. കരച്ചിൽ നിന്നു. പൈശാചികമായി അമർത്തിയ ഒരു മുരളലോടെ അവൻ സെല്ലിന്റെ ഇരുമ്പഴിയിൽ തലയിട്ടടിക്കാൻ തുടങ്ങി... 'അരുതേ' എന്നു ഞാൻ ഉറക്കെ നിലവിളിച്ചുപോയി. ആശുപത്രി ജോലിക്കാർ എന്നെ അവിടെനിന്നു മാറ്റി പുറത്തേക്കയച്ചു. ഗേറ്റിലെത്തിയപ്പോഴും അവന്റെ നിലവിളി എനിക്കു കേൾക്കാമായിരുന്നു. "അമ്മേ പോവല്ലേ! എനിക്കു സഹിക്കാൻ വയ്യേ! തീ പിടിക്കുന്നു! തീയ്, തീയ്! അയ്യോ! ഒരു ഷോട്ട്! ഒന്നുമാത്രം മതി. ഒന്നു മതിയമ്മേ" ചെവി പൊത്തിക്കൊണ്ട് ഞാൻ അവിടെനിന്ന് പോന്നു.

കുഞ്ഞുമോനേ, നിന്നെപ്പോലൊരു കുട്ടിയാണവൻ. പതിനെട്ടു വയസ്സിന്റെ എല്ലാ ധീരതയും കുസൃതിയും നിറഞ്ഞ ഒരു മിടുക്കൻ. അച്ഛനമ്മമാർ ഏറെ സ്വപ്നംകണ്ട് ലാളിച്ചു വളർത്തിയവൻ. മിടുക്കിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിങ് കോളജിൽ കയറിയവൻ. ആ കുട്ടി നാളെ അഭിമാനത്തോടെ ജയിച്ചിറങ്ങി, ഈ നാടിനെ അന്തസ്സായി സേവിക്കേണ്ടവനാണ്. ഒരു കുടുംബം പോറ്റേണ്ടവനാണ്. അവൻ ഇതാ, ചുരുണ്ട മുടിയാകെ ജടപിടിച്ച്, ചോര കെട്ടി, എല്ലും തോലുമായി, കീറിപ്പറിഞ്ഞ മുണ്ടുമുടുത്ത് ഭ്രാന്താശുപത്രിയുടെ അഴികൾ പിടിച്ചുകുലുക്കി അലറിക്കൊണ്ടു നില്ക്കുന്നു!...



ഈ കുട്ടിയെപ്പോലെ പതിനായിരക്കണക്കിനു ചെറുപ്പക്കാർ നശിച്ചുകൊണ്ടിരിക്കുകയാണു മോനേ. ആദ്യം തുടങ്ങുക സിഗരറ്റുവലിയിലാണ്. താൻ കുട്ടിയല്ല, സ്വന്തം ഇഷ്ടപ്രകാരം നടക്കുന്നപുരുഷനാണ് എന്നു ഭാവിക്കലാണ്

തുടക്കം. പരസ്യങ്ങളിലെ സുന്ദരന്മാരെയും വീരന്മാരെയും അനുകരിക്കൽ. പുകയിലയുടെ വിഷം ശ്വാസകോശങ്ങളെ കാർന്നുതിന്നുമെന്നു പറഞ്ഞാലൊന്നും വിലപ്പോകുന്നില്ല.

തുടക്കം പുകവലിയിൽനിന്നാണെന്നു പറഞ്ഞല്ലോ. പിന്നീടു മദ്യമായി, വലിയ ഹോട്ടലുകളിൽ ചെന്നിരുന്ന് പതയുന്ന ഒരു ഗ്ലാസ്സും കൈയിൽ പിടിച്ച് വർത്തമാനം പറഞ്ഞിരിക്കുമ്പോൾ താൻ ഒരു വലിയ ആളായി എന്നു സ്വയം തോന്നുന്നു. പുകയിലയും മദ്യവും നൽകുന്ന ലഹരി പോരാതെ വരുന്നു. ഒരു കൗതുകത്തിന് പതുക്കെപ്പതുക്കെ കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ലോകത്തിലേക്കു നീങ്ങിത്തുടങ്ങുന്നു.

ഒരു പിശാചിന്റെ ക്രൗര്യത്തോടെ അവ നിങ്ങളെ അടിമയാക്കും. പുകയായും പാനീയമായും കുത്തിവയ്പലായുമൊക്കെ ആ വിഷം ഉള്ളിൽ കടന്നുതുടങ്ങിയാൽ പിന്നെ ഭ്രാന്താണ്. അവ കിട്ടാൻവേണ്ടി എന്തുംചെയ്യും. എവിടെനിന്നും മോഷ്ടിക്കും, ആരെയും കൊല്ലും. ഏതു കഠിനമായ കുറ്റകൃത്യവും ചെയ്യും. നിയമങ്ങളും മര്യാദകളും ആദർശങ്ങളുമൊക്കെ കാറ്റിൽ പറക്കുന്നു. മയക്കുമരുന്നിന്റെ, മദ്യത്തിന്റെ അടിമ. പിന്നെ അവന്റേതായ ഒരു അധോലോകത്തിൽ മുങ്ങിത്താഴുന്നു.

ഈ കുട്ടികളെ നശിപ്പിക്കുന്നത് വൻകിടക്കാരാണ്. ഇതിൽനിന്നു പണമുണ്ടാക്കുന്നത് കുത്തകക്കാരും, വിദേശ മാഫിയാസംഘടനകളുമാണ്.

മോനേ, മദ്യത്തിന്റെയും പുകവലിയുടെയും ചിത്രങ്ങളും പരസ്യങ്ങളുമൊക്കെച്ചേർന്ന് അവയെ നമ്മുടെ ജീവിതത്തിൽ നിറയ്ക്കുന്നു. നിങ്ങൾ കുട്ടികൾ, പിച്ചനടക്കുന്ന വഴികളിൽ മുഴുവൻ ചതിക്കുഴികളാണ്.

നിന്റെ തലമുറ ഇത്ര വിഡ്ഢികളായിക്കൂടാ. കുഞ്ഞേ, സ്വയം നാശത്തിന്റെ പാതയിലൂടെ നിങ്ങൾ വേച്ചുവേച്ചു നടന്നുകൂടാ. ഇന്ത്യയിൽ ഇരുപതു ശതമാനം കുട്ടികൾ ലഹരിവസ്തുക്കൾക്ക് അടിമകളായിക്കഴിഞ്ഞുവെന്നാണ് ഔദ്യോഗികമായ കണക്ക്. ഓർത്തുനോക്കൂ. നിന്നെപ്പോലെ ചൈതന്യമുള്ള കുട്ടികൾ ബുദ്ധിക്കു മാന്ദ്യവും വയറ്റിൽ വേദനയും തളർച്ചയും കരൾവീക്കവും പിന്നെപ്പിന്നെ വിറയലും വിഭ്രാന്തിയും ബാധിച്ച് സാമൂഹികവിരുദ്ധരായി, കുറ്റവാളികളായി, മഹാരോഗികളായി ഇഞ്ചിഞ്ചായി മരിക്കുന്നത്! ഇതെല്ലാം ആരംഭിക്കുന്നത് തൽക്കാലത്തെ കൂട്ടുകൂടിയുള്ള വെറും ഒരു നേരമ്പോക്കിൽനിന്ന്... ആ നേരമ്പോക്കിൽനിന്നു തലയൂരാൻ ശ്രമിക്കുമ്പോഴേക്ക് കഴുത്തിൽ കയർ കുരുങ്ങി മുറുകിക്കഴിഞ്ഞിരിക്കും.

മോനേ, നിവർന്ന നട്ടെല്ലോടെ, ഉയർന്ന ശിരസ്സോടെ, തെളിഞ്ഞ ബുദ്ധിയോടെ, ശുദ്ധനായി, അഭിമാനിയായി വളർന്നുവരാൻ എന്റെ കുഞ്ഞിനു കഴിയുമാറാകട്ടെ. അതു കാണാനുള്ള ഭാഗ്യം നിന്റെ അമ്മയ്ക്കും നിന്നെപ്പെറ്റ നാടിനും ഉണ്ടാകട്ടെ എന്നു മാത്രം എന്റെ പ്രാർഥന.

സ്നേഹപൂർവം,

അമ്മ

**മേഘം വന്നു തൊട്ടപ്പോൾ** — **സുഗതകുമാരി**

### ശബ്ദസന്ദേശം

'സ്നേഹപൂർവം അമ്മ' എന്ന പാഠഭാഗത്തിന്റെ വായനാനുഭവവുമായി ബന്ധപ്പെട്ട് ശബ്ദസന്ദേശം തയ്യാറാക്കി സമൂഹമാധ്യമങ്ങളിലൂടെ സുഹൃത്തുക്കൾക്ക് അയയ്ക്കുക.

### നിരീക്ഷണക്കുറിപ്പ്

"ഈ കൊച്ചൻ എഞ്ചിനീയറിങ്ങിന് പഠിക്കുകയായിരുന്നു. വല്യപാട്ടുകാരനാ! ഒക്കെ തുലച്ചു. ഇവനൊക്ക ആദ്യമാദ്യം ഒരു രസത്തിന് തുടങ്ങും. പിന്നെ ഗതിയില്ല." - ആശുപത്രി ജോലിക്കാരന്റെ വാക്കുകൾ ശ്രദ്ധിച്ചുവല്ലോ? പിന്നീട് അവന് സംഭവിച്ചതെന്തെല്ലാം? നിങ്ങളുടെ മനസ്സിനെ സ്പർശിച്ച സന്ദർഭങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തി അവതരിപ്പിക്കൂ.

- സമൂഹത്തെ ലഹരിവിപത്തിൽ നിന്നും രക്ഷിക്കാൻ നമുക്കെന്തൊക്കെ ചെയ്യാനാവും? സ്വന്തം നിരീക്ഷണങ്ങൾ കൂട്ടുകാരുമായി പങ്കുവച്ച് കുറിപ്പ് തയ്യാറാക്കൂ.

### വിശകലനം ചെയ്യാം

'നിങ്ങൾ കുട്ടികൾ, പിച്ചനടക്കുന്ന വഴികളിൽ മുഴുവൻ ചതിക്കുഴികളാണ്.'

പാഠഭാഗത്തുള്ള ഈ വാക്യത്തെ സമകാല സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

### പ്രചാരണവഴികൾ

സ്കൂളിലെ ലഹരിവിരുദ്ധക്ലബ്ബിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന റാലിയിലേക്ക് ആവശ്യമായ മുദ്രാഗീതങ്ങൾ, പ്ലക്കാർഡുകൾ, ബാനറുകൾ എന്നിവ തയ്യാറാക്കുക.

റാലിയുടെ പ്രചാരണാർഥം ആവശ്യമായ പോസ്റ്ററുകൾ/ ഡിജിറ്റൽ പോസ്റ്ററുകൾ, നോട്ടീസ് എന്നിവയും തയ്യാറാക്കുമല്ലോ.

### കത്ത് തയ്യാറാക്കാം

ഒരു അമ്മയുടെ എഴുത്താണല്ലോ 'സ്നേഹപൂർവം, അമ്മ'. താഴെപ്പറയുന്ന ഏതെങ്കിലും ഒരു വിഷയത്തിൽ നിങ്ങളുടെ സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക.

- ഡിജിറ്റൽ ദുരുപയോഗം
- ലിംഗവിവേചനം
- ജങ്ക്ഫുഡിന്റെ അമിതോപയോഗം

# 3

# ഹൃദയംതൊടുന്ന നക്ഷത്രങ്ങൾ

If you can't Fly then run
If you can't run then walk
If you can't walk then Crawl
But whatever you do you have to
Keep moving Forward.

Martin Luther King

നിനക്ക് പറക്കാനാകില്ലെങ്കിൽ ഓടുക
ഓടാനാകില്ലെങ്കിൽ നടക്കുക
നടക്കാനുമാകില്ലെങ്കിൽ ഇഴയുക
എന്തുതന്നെ ചെയ്താലും
മുന്നോട്ടുതന്നെ പോവുക.

മാർട്ടിൻ ലൂഥർ കിങ്

ശുഭാപ്തിവിശ്വാസവും ജീവിതവിജയവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ചർച്ചചെയ്യൂ.

*കാലത്തിനൊപ്പം നടന്നുനടന്ന്*
*മാറ്റങ്ങളെ നെഞ്ചേറ്റുമ്പോൾ...*

# അമ്മമ്മ

ഇന്ന് അമ്മമ്മ ഞങ്ങളുടെ പുത്തൻ വീടുകാണുവാൻ വരുന്നു. പട്ടണത്തിന്റെ പടിഞ്ഞാറു ഭാഗത്താണ് ഞങ്ങളുടെ വീട്. ചോര നീരാക്കി അധ്വാനിച്ചുണ്ടാക്കിയ പണംകൊണ്ടാണ് ഞാൻ ഈ ഇരുപതു സെന്റ് ഭൂമി വാങ്ങിയത്. അതിൽ നിങ്ങൾ ഇപ്പോൾ കാണുന്ന ഈ വീടു പണിയുവാൻ വേണ്ടി വീണ്ടും എനിക്കു ചോര നീരാക്കേണ്ടിവന്നു.

ഇരിപ്പുമുറിയും തീൻമുറിയും താഴത്തെ നിലയിലാണ്. മുകളിൽ രണ്ടു കിടപ്പുമുറികളുണ്ട്. പിന്നെ പ്രഭാതത്തിൽ സൂര്യോദയം കാണുവാനും സന്ധ്യയ്ക്ക് സൂര്യാസ്തമയം കാണുവാനും ഒരു സിറ്റൗട്ടും. അവിടെയിരുന്നാൽ കിഴക്കും പടിഞ്ഞാറും കാണാം.

കുളിരും മഞ്ഞും വീഴുന്ന പ്രഭാതങ്ങളിൽ ഞാൻ എന്റെ കാശ്മീർഷാൾ പുതച്ചുകൊണ്ട് അവിടെയിരുന്ന് സൂര്യോദയം ദർശിക്കും. അന്നേരം അപ്പുറം കിടപ്പുമുറികളിൽ എന്റെ ഭാര്യയും രണ്ടു മക്കളും പുലർകാലസ്വപ്നങ്ങൾ കണ്ടുമയങ്ങുകയായിരിക്കും. ഞാൻ ഏറ്റവും കൂടുതൽ ആനന്ദിക്കുന്ന ഒരു മുഹൂർത്തമാണ് അത്.

"അമ്മമ്മയ്ക്ക് എന്റെ വീടു കാണണ്ടേ? എന്നാണു ഞാൻ കാറുമായി വരേണ്ടത്?"

കഴിഞ്ഞതവണ തറവാട്ടിൽ ചെന്നപ്പോൾ പട്ടണത്തിലേക്കു വരുവാൻ ഞാൻ അമ്മമ്മയെ നിർബന്ധിച്ചു.

അമ്മമ്മ ചെല്ലം മുന്നിൽവച്ചു മുറുക്കുവാനുള്ള വട്ടം കൂട്ടുകയായിരുന്നു.



“യാത്രയ്ക്കൊന്നും വയ്യ കൃപാകരാ. വീടിന്റെ ഒരു ഫോട്ടോ പിടിച്ച് കൊണ്ടുത്തന്നാല് മതി.”
“ഫോട്ടോ കണ്ടാൽ പോരാ. അമ്മമ്മ വന്ന് വീടുതന്നെ കാണണം.”

“ഈ വീട്ടീന്ന് പൊറത്തിറങ്ങീട്ട് കാലം കൊറേയായി. ഒന്നിനും വയ്യാ. വയസ്സ് എമ്പതു കഴിഞ്ഞു. ഇനി എന്തു കാണാനാ? കാണാനുള്ളതെല്ലാം ഇനി അങ്ങുചെന്നിട്ട്.” അമ്മമ്മ ആകാശത്തേക്കു കണ്ണയച്ചു.

“അമ്മമ്മ ഒട്ടും ബുദ്ധിമുട്ടേണ്ടിവരില്ല. കാറു കൊണ്ടുവന്ന് പടിക്കൽ നിർത്താം. അമ്മമ്മ അതില് കയറി ഇരുന്നാല് മതി. വീടുകണ്ട് തിരികെ പടിക്കൽ കൊണ്ടുവന്ന് കാറ് നിർത്താം, പോരേ?”

അവസാനം അമ്മമ്മ സമ്മതം മൂളി.

അവർ വെറ്റിലയുടെ ഞരമ്പുകൾ നുള്ളിക്കളയുകയും അടയ്ക്ക ചുരണ്ടുകയും ചെയ്തു.

“മോനേ, ആ മിനി ഉരലിങ്ങെടുത്താട്ടെ.”

അവർ കോലായിലെ അരമതിലിന്മേൽ വച്ചിരുന്ന അവരുടെ കൊച്ച് ഉരൽ ചൂണ്ടിക്കാണിച്ചു. ഞാൻ അതെടുത്ത് അവരുടെ മുമ്പിൽ വച്ചുകൊടുത്തു. അവർ അടയ്ക്കയും വെറ്റിലയും അതിലിട്ടു ചതച്ചു. അമ്മമ്മയ്ക്കു പല്ലില്ല.

“അമ്മമ്മ എവിടുന്നാ ഈ ഇംഗ്ലീഷ് വാക്കെല്ലാം പഠിച്ചത്?”

“കൃപാകരാ, നിന്നെപ്പോലെ ഞാൻ ബോംബെയും കൽക്കത്തയും ഒന്നും കണ്ടിട്ടില്ല. എന്നാലും ഈ അമ്മമ്മയ്ക്ക് കുറേശെ ഇംഗ്ലീഷെല്ലാം അറ്യാം.”

ഇടിച്ച വെറ്റിലടയ്ക്ക വായിലിട്ട് അവർ എന്നെ നോക്കി ചിരിച്ചു.

ഊണു കഴിഞ്ഞശേഷം ഞാൻ ഇറങ്ങാൻ പുറപ്പെട്ടു. അമ്മമ്മ തടുത്തു.



"ഇന്നിവിടെ പാർത്തിട്ട് രാവിലെ പോയാല് മതി. എത്രകാലം കൂടീട്ടാ ഇന്ന് നിയ്യ് ഈ വഴി വന്നത്?"

"ഇനിയൊരിക്കലാകാം. വീടിന്റെ പണി കഴിഞ്ഞില്ലേ? വാസന്തിയെയും കുട്ടികളെയും കൂട്ടി ഒരു ദിവസം ഞാൻ ഇവിടെ താമസിക്കാൻ വരുന്നുണ്ട്."

അമ്മമ്മ പറഞ്ഞതു വാസ്തവമാണ്.

നഗരത്തിൽനിന്നു പെൻഷനായി വന്നശേഷം വീടുപണിയുടെ തിരക്കിലായിരുന്നു. ഇപ്പോഴേ ഒന്നു നേരെ ശ്വാസംവിടാൻ കഴിഞ്ഞുള്ളൂ.

ഇറങ്ങുമ്പോൾ, ഞാൻ ഒന്നുകൂടി ഓർമ്മിപ്പിച്ചു.

"വരുന്ന ഞായറാഴ്ച കാലത്ത് ഞാൻ വണ്ടിയുമായി എത്തും. അമ്മമ്മ ഒരുങ്ങി ഇരുന്നോളണം."

അമ്മമ്മയ്ക്ക് ഒരു റെഡ് കാർപ്പറ്റ് സ്വീകരണം നല്കുവാൻ ഞങ്ങൾ തീരുമാനിച്ചു. എന്റെ ഭൂതകാലത്തിന്റെ ഒരു തെളിഞ്ഞ ഓർമ്മയാണ് അവർ. ബാല്യകാലം, നാടുവിടുന്നതുവരെയുള്ള തറവാട്ടിലെ ജീവിതം... അതിന്റെയെല്ലാം കണ്ണികളാണ് അവർ.

അവർ മടിയിലിരുത്തി പറഞ്ഞുതന്നിട്ടുള്ള എണ്ണമറ്റ കഥകളാണ് എന്റെ എളിയ ലോകവിജ്ഞാനത്തിന്റെ ഉറവിടം. അമ്മമ്മ എന്റെ വീടു കാണുവാൻ വരുന്ന ഈ അവസരത്തിൽ ഞാൻ അതെല്ലാം ഓർത്തുപോകുന്നു.

നേരത്തെ നിശ്ചയിച്ചതുപോലെ ഞായറാഴ്ച കാലത്ത് ഞാൻ എന്റെ സ്നേഹിതൻ വാസുദേവന്റെ വണ്ടിയുമെടുത്ത് തറവാട്ടിലേക്കു പുറപ്പെട്ടു. പട്ടണത്തിൽനിന്നു പന്ത്രണ്ടുനാഴിക കിഴക്കാണ് ഞങ്ങളുടെ നാട്ടിൻപുറം. അടുത്തകാലത്തായി അവിടെ വലിയ പരിവർത്തനങ്ങൾ വന്നതായി കാണാം. ഏതു വണ്ടിക്കും പോകാൻ സൗകര്യമുള്ള നിരത്തുകൾ, വൈദ്യുതി, സ്കൂൾ, തപാലാപ്പീസ്.

ഞാൻ ചെല്ലുമ്പോൾ അമ്മമ്മ തയ്യാറായി നിൽക്കുന്നു. കസവുമുണ്ടും ബ്ലൗസും ധരിച്ചിരുന്നു. (ദൂരയാത്ര ചെയ്യുമ്പോൾ മാത്രമേ അവർ ബ്ലൗസ് ധരിക്കാറുള്ളൂ.) നരച്ച തലമുടി വൃത്തിയായി കോതിവച്ചിരിക്കുന്നു. കാലുകളിൽ ചെരിപ്പും.

"എങ്ങനെയുണ്ട് കൃപാകരാ?"

"സുന്ദരിയായിട്ടുണ്ട്."

അമ്മമ്മ പല്ലില്ലാത്ത വായ കാണിച്ചു ചിരിച്ചു. അവർ ചെല്ലം കൈയിലെടുത്തു. എവിടെ പോകുമ്പോഴും അതവരുടെ കൂടെയുണ്ടാകും.

അമ്മമ്മ കാറിൽ മുൻസീറ്റിൽ എന്റെ അരികിൽ ഇരുന്നു. ഞാൻ വണ്ടി സ്റ്റാർട്ടുചെയ്തു.

"ഇതാരടതാ വണ്ടി?"

"ഒരു സ്നേഹിതന്റെ. വാസുദേവൻ എന്നുപറയും."

"കൃപാകരാ, നിനക്കും വാങ്ങരുതോ ഒരു വണ്ടി?"

"എനിക്കത്ര വലിയ മോഹങ്ങൾ ഒന്നും ഇല്ലമ്മമ്മേ."

"നിനക്ക് ഒരു മാറ്റോം ഇല്ല. ആ പഴയ കൃപാകരൻ തന്നെ."

അമ്മമ്മ ഒരു ചിരിയോടെ പറഞ്ഞു.

വെയിൽ മൂക്കുന്നതിനുമുമ്പുതന്നെ ഞങ്ങൾ പട്ടണത്തിൽ എത്തി. ഗെയ്റ്റിൽ കാർ നിർത്തി, ഞാൻ ഹോണടിച്ചു. വാസന്തിയും കുട്ടികളും ഓടിവന്നു. അവർ ഞങ്ങളെ കാത്തു നിൽക്കുകയായിരുന്നു.

"അമ്മമ്മയ്ക്കു കൃപാകരന്റെ പുത്തൻവീട്ടിലേക്കു സ്വാഗതം."

ഞാൻ ഡോർ തുറന്നുകൊടുത്തു. അമ്മമ്മ താഴെയിറങ്ങി കസവുമുണ്ട് മാറിൽ നേരെയിട്ട് എന്റെ പുത്തൻവീടിനെ ആകെ ഒന്നുനോക്കി.

"അമ്മമ്മയ്ക്ക് ഇഷ്ടമായോ?"

"പുറമേനിന്നു നല്ല കാഴ്ച. ഉള്ളിലും കൂടി കണ്ടിട്ട് അഭിപ്രായം പറയാം."

അമ്മമ്മയ്ക്ക് എന്തിനെക്കുറിച്ചും വ്യക്തമായ അഭിപ്രായമുണ്ട്. ആ അഭിപ്രായത്തിന് ഞാൻ വളരെയധികം വിലകല്പിക്കുകയും ചെയ്യുന്നു.



"കുറച്ച് ക്രിസാന്തിമംകൂടി വേണം."

ഞങ്ങളുടെ കൊച്ചു പൂന്തോട്ടം കണ്ടിട്ട് അവർ അഭിപ്രായപ്പെട്ടു.

തോട്ടത്തിൽ നാടൻപൂക്കളാണ് ഏറെയും. ചട്ടിപ്പൂക്കൾ മാത്രമല്ല, തറവാടിന്റെ കൂടാര പ്പൂവുകൾ കൂടി ഞാനിവിടെ നട്ടുവളർത്തി യിരുന്നു.

ഈ പൂക്കളെല്ലാം അമ്മമ്മയ്ക്ക് പഴഞ്ചനായി തോന്നിയിരിക്കണം.

അകത്തു കയറിയ അമ്മമ്മ, ഒരു ഗ്ലാസ് തണുത്ത സ്ക്വാഷ് കുടിച്ചു, വീടാകെ നടന്നുകണ്ടു. അതിനുശേഷം മുകളിലെ സിറ്റൗട്ടിൽ ഇരുന്ന് ചെല്ലം കൈയിലെടുത്തു. അന്നേരം ഞാൻ രഹസ്യമായി അവരുടെ മിനി ഉരൽ എന്ന പ്രയോഗത്തെക്കുറിച്ച് വാസന്തി യോടു പറഞ്ഞു. അതു കേൾക്കേണ്ട താമസം, അവൾ പൊട്ടിച്ചിരിച്ചു.

പട്ടണത്തെ വിഹഗമായി വീക്ഷിച്ചു കൊണ്ട് അമ്മമ്മ വിശദമായി ഒന്നു മുറുക്കി.

"വീടിനു ചെലവെന്തായി?"

"ഒന്നേകാല്"

"ഇക്കാലത്ത് അതത്ര വലിയ തുകയൊന്നും അല്ല."

അമ്മമ്മ നിസ്സാരമായി പറഞ്ഞു. അതുകേട്ടപ്പോൾ എന്റെ ഉള്ളിൽ ഒരു തേങ്ങൽ ഉയർന്നു. ഈ ഒന്നേകാൽ ലക്ഷത്തിനുവേണ്ടി ഒരായുഷ്കാലം മുഴുവൻ ഞാൻ ചോരനീരാക്കി അധ്വാനിച്ച കഥ എനിക്കല്ലാതെ മറ്റാർക്കറിയാം!

ഉച്ചയാകുന്നതുവരെ ഞങ്ങൾ അവിടെയിരുന്നു പല കാര്യങ്ങളും സംസാരിച്ചു. നഗരങ്ങളിലെ വിശേഷങ്ങൾ അറിയുവാൻ അവർ പ്രത്യേകം താൽപര്യം കാണിച്ചു.

“കൃപാകരാ, നിയ്യ്, ഭാഗ്യവാനാ. നിനക്ക് ലോകം കാണാൻ കഴിഞ്ഞല്ലോ. ഈ അമ്മമ്മ എന്തുകണ്ടു? ഒരു ഗ്രാമത്തില് ജനിച്ചു വളർന്നു. അവിടെത്തന്നെ കിടന്നു ഞാൻ ചാകുകയും ചെയ്യും. എനിക്ക് ഒരു സങ്കടമേയുള്ളൂ. കുറേ യാത്ര ചെയ്യാൻ കഴിഞ്ഞില്ലല്ലോ?”

“അമ്മമ്മയെ ഞാൻ എങ്ങോട്ടെങ്കിലും കൊണ്ടുപോകാം. കുറച്ചു കഴിയട്ടെ. നമുക്ക് മദിരാശി വരെ ഒന്നു പോകാം.

“മദിരാശി കണ്ടിട്ട് എന്താ കാര്യം? കാണണെങ്കില് ദുബായി കാണണം.”

സത്യം പറയട്ടെ, അതു കേട്ടപ്പോൾ ഈ കൃപാകരൻ ഉരുകിപ്പോയി. അന്നേരം വാസന്തി വന്ന് ഞങ്ങളെ തീൻമുറിയിലേക്കു ക്ഷണിച്ചു. അതുകൊണ്ട് ഞാൻ രക്ഷപ്പെട്ടു.

അമ്മമ്മ വാഷ്ബേസിനരികിൽച്ചെന്നു മുഖം കഴുകി മേശയ്ക്കുമുമ്പിൽ വന്നിരുന്നു. അവർക്ക് മേശയിൽനിന്നു ഭക്ഷിക്കുവാൻ കഴിയുമോ എന്നു ഞാൻ സംശയിച്ചിരുന്നു. എന്റെ സംശയം അസ്ഥാനത്തായിരുന്നു. അവരിൽ ഒരു പരിചയക്കുറവും കണ്ടില്ല.

മേശ സമൃദ്ധമാണ്. വാസന്തി അവളുടെ പാചകവിരുത് മുഴുവൻ കാണിച്ചമട്ടുണ്ട്. നാടൻ മട്ടിലുള്ള ഒരു സദ്യയ്ക്കാണ് അവൾ ആദ്യം പരിപാടിയിട്ടത്; അമ്മമ്മയ്ക്ക് അതായിരിക്കും ഇഷ്ടം എന്ന ധാരണയാൽ. ഞാനാണ് അവളെ അതിൽനിന്നു പിന്തിരിപ്പിച്ചത്.

“മിടുക്കി.”

തീൻമേശയിൽ ഒരവലോകനം നടത്തിയിട്ട് അമ്മമ്മ വാസന്തിയെ അഭിനന്ദിച്ചു.

അവർ ആദ്യം പ്ലെയിറ്റിൽ വിളമ്പിയത് നൂഡിൽസാണ്. പിന്നെ ചിക്കൻ ചില്ലിയും. ചോറോ സാമ്പാറോ കണ്ടതായിപ്പോലും നടിച്ചില്ല. വാസന്തി എന്നെ നോക്കി കണ്ണുകൊണ്ടു ചിരിച്ചു.

ഞാൻ എനിക്കു പ്രിയപ്പെട്ട ചോറും മുരിങ്ങസാമ്പാറും വയർ നിറയെ കഴിച്ചു. അമ്മമ്മ അതു ശ്രദ്ധിച്ചിരുന്നു.

“കൃപാകരന് ഒരു മാറ്റോം ഇല്ല, അല്ലേ മോളേ?”

അവർ വാസന്തിയോടു ചോദിച്ചു. എന്നിട്ട് സോയാസോസിന്റെ കുപ്പിയെടുത്ത് നൂഡിൽസിനുമേൽ ചരിച്ചു. ഇതൊക്കെ അമ്മമ്മ എങ്ങനെ പഠിച്ചു? ആരു പഠിപ്പിച്ചു?

ഭക്ഷണം കഴിഞ്ഞശേഷം ഞങ്ങൾ എല്ലാവരും ഇരിപ്പുമുറിയിൽ സ്ഥലം പിടിച്ചു. വീണ്ടും നാട്ടുവർത്തമാനങ്ങൾ പറഞ്ഞിരുന്നു.

“അമ്മമ്മയ്ക്ക് ഉറക്കം വരുന്നെങ്കില് മുകളില് ചെന്നുകിടക്കാം.”

അല്പനേരം കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. എനിക്ക് ഉറക്കം വരുന്നുണ്ടായിരുന്നു.

“ഉച്ചയ്ക്ക് കെടന്നാല് എനിക്ക് ഉറക്കം വരില്ല. നിയ്യ് എന്തെങ്കിലും പാട്ടുവെക്ക്.”

ഞങ്ങളുടെ സ്റ്റീരിയോസിസ്റ്റത്തിൽ നോക്കിക്കൊണ്ട് അമ്മമ്മ പറഞ്ഞു. അതുകേട്ടപ്പോൾ കോളജിൽ പഠിക്കുന്ന എന്റെ മകൾക്ക് ഉത്സാഹം വന്നു. അവൾ ചോദിച്ചു:

"അമ്മമ്മയ്ക്ക് എന്താണു കേൾക്കേണ്ടത്?

"സുബ്ബലക്ഷ്മിയുടെ കീർത്തനം വെക്ക്." ഞാൻ പറഞ്ഞു: "അമ്മമ്മയ്ക്ക് അതായിരിക്കും ഇഷ്ടം."

എനിക്കും എന്റെ കുടുംബത്തിനും ഏറ്റവും പ്രിയങ്കരമായ റിക്കാർഡാണ് അത്.

നാലുവരി കേട്ടപ്പോൾ അമ്മമ്മ കോട്ടുവായിടുവാൻ തുടങ്ങി.

"നിന്റെയടുത്ത് വേറെ റിക്കാർഡൊന്നും ഇല്ലേ മോളേ?"

"അമ്മമ്മയ്ക്ക് എന്താണ് ഇഷ്ടം?"

"ഇംഗ്ലീഷ് വെക്ക്. അബ്ബയുണ്ടെങ്കിൽ അതുവെക്ക്."

അവൾ അബ്ബയുടെ റിക്കാർഡ് പരതിയെടുത്തുവച്ചു.

മുറിയിൽ സ്റ്റീരിയോ സംഗീതം ഉയർന്നു.

"ഹണീ, ഹണീ, ഹൌ യൂ ത്രിൽ മീ..."

അമ്മമ്മ തലയാട്ടി രസിച്ചിരുന്നു. റിക്കാർഡ് തീരുന്നതുവരെ. തീർന്നപ്പോൾ അവർ പറഞ്ഞു.

"ഒന്നുകൂടി വെക്കു മോളേ."

മകൾ അനുസരിച്ചു. മുറിയിൽ വീണ്ടും അബ്ബയുടെ ശബ്ദം ഉയർന്നു. പാട്ടിന്റെ രസത്തിൽ അമ്മമ്മ ലോകമാകെ മറന്നതായി തോന്നി. എന്റെ കണ്ണുകൾ പതുക്കെ അടഞ്ഞു.

വൈകുന്നേരം വെയിൽ താണപ്പോൾ അമ്മമ്മ ഞങ്ങളോടു യാത്രപറഞ്ഞു. ഞാൻ തന്നെ അവരെ തറവാട്ടിൽ കൊണ്ടുചെന്നുവിട്ടു. തിരികെ തനിയെ കാറോടിച്ചുവരുമ്പോൾ ലോകമാകെ മാറിയതായി എനിക്കു തോന്നി. നാട്ടിൽ നടക്കുന്ന വലിയ പരിവർത്തനങ്ങളെക്കുറിച്ച് അമ്മമ്മ എന്നെ ബോധവാനാക്കിയിരുന്നു.

**ഓട്ടോറിക്ഷക്കാരന്റെ ഭാര്യ** — **എം. മുകുന്ദൻ**

## കാലവും കാഴ്ചപ്പാടും

- "മോനേ, ആ മിനി ഉരലിങ്ങെടുത്താട്ടെ."
- 'കൃപാകരാ, നിന്നെപ്പോലെ ഞാൻ ബോംബെയും കൽക്കത്തയും ഒന്നും കണ്ടിട്ടില്ല എന്നാലും ഈ അമ്മമ്മയ്ക്ക് കുറേശെ ഇംഗ്ലീഷെല്ലാം അറ്യാം.'
- 'മദിരാശി കണ്ടിട്ട് എന്താകാര്യം! കാണണെങ്കില് ദുബായി കാണണം'
- 'ഇംഗ്ലീഷ് വെക്ക്, അബ്ബയുണ്ടെങ്കിൽ അതുവെക്ക്.'

മാറുന്ന കാലത്തിനൊത്ത് സഞ്ചരിക്കാൻ തയ്യാറാകുന്ന വാർധക്യത്തിന്റെ പുതുകാഴ്ചപ്പാടാണ് അമ്മമ്മ അവതരിപ്പിക്കുന്നത്. മുകളിൽ കൊടുത്ത വാക്യങ്ങളും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.

### ചോദ്യോത്തരവേള

അമ്മമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചോദ്യങ്ങൾ നിർമ്മിക്കുക. സംഘം തിരിഞ്ഞ് ചോദ്യോത്തരമത്സരം നടത്തുക.

### കണ്ടെത്താം പ്രയോഗിക്കാം

'അമ്മമ്മ ചെല്ലം മുന്നിൽ വച്ച് മുറുക്കാനുള്ള വട്ടംകൂട്ടുകയായിരുന്നു.'

വട്ടംകൂട്ടുക എന്ന നാടൻ പ്രയോഗത്തിലൂടെ അമ്മമ്മയുടെ വെറ്റിലമുറുക്കാനുള്ള തയ്യാറെടുപ്പിനെ സൗന്ദര്യാത്മകമായി അവതരിപ്പിച്ചത് കണ്ടല്ലോ. ഇതുപോലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തുക. അവയുടെ അർഥം വിശദീകരിക്കുകയും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുകയും ചെയ്യുക.

### ഉപന്യാസം

- 'വാർധക്യം അവസ്ഥയാണ്, ശാപമല്ല – അവരെ ഒറ്റപ്പെടുത്തുകയല്ല, ചേർത്തു നിർത്തുകയാണ് വേണ്ടത്.'

'വയോജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത' എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കിയത് ഗ്രൂപ്പിൽ വായിച്ച് താഴെക്കൊടുത്തിരിക്കുന്ന സൂചനകളുടെ സഹായത്തോടെ വിലയിരുത്തി മെച്ചപ്പെടുത്തുമല്ലോ.

*സൂചനകൾ*

- വാർധക്യത്തിലെ ഒറ്റപ്പെടൽ
- കുടുംബബന്ധങ്ങളിലെ വിള്ളൽ
- പുതുതലമുറയുടെ കാഴ്ചപ്പാട്
- ചേർത്തുപിടിക്കലിന്റെ ആവശ്യകത
- സമൂഹത്തിന്റെ മനോഭാവം
- 
- 
- 

### മൊഴിമാറ്റം

മാർട്ടിൻ ലൂഥർ കിംഗിന്റെ പ്രചോദിപ്പിക്കുന്ന വാക്കുകൾ ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് വായിച്ചല്ലോ. അതുപോലെ, താഴെക്കൊടുത്തിരിക്കുന്ന വാക്യം മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

"Strength does not come from winning. When you go through hardships and decide not to surrender, that is strength" – Mahatma Gandhi

## മലയാളിയുടെ ഹെലൻ കെല്ലർ

അച്ഛന്റെ കൈയിൽ തൊട്ട് അവൾ പൂക്കളെയും പൂമ്പാറ്റകളെയും കണ്ടു. കാറ്റിന്റെയും കടലിന്റെയും ശബ്ദം അവൾ കേട്ടതും കുസൃതിനിറഞ്ഞ ചിരിയോടെ പലതും പറഞ്ഞതും അച്ഛനിലൂടെയായിരുന്നു. മഴയും വെയിലും ഇരുളും വെളിച്ചവും അവൾ അനുഭവിച്ചത് അച്ഛന്റെ കൈവിരലുകളിൽ നിന്നാണ്. കാരണം അവൾക്ക് കാഴ്ചയില്ല, സംസാരശേഷിയില്ല, കേൾവിശക്തിയില്ല. ആറു വയസ്സിനിടെ ആറുതവണ ഓപ്പറേഷന് വിധേയയായ അവൾക്കിന്ന് 26 വയസ്. പേര് സിഷ്ന ആനന്ദ്.

അന്ധയും ബധിരയും മൂകയുമായ ഒരാൾക്ക് ഈ ഭൂമിയിൽ എങ്ങനെ ജീവിക്കാനാകും? മറ്റുള്ളവരുടെ ആശയവിനിമയത്തെ ഉൾക്കൊള്ളാനോ സ്വന്തം ആശയങ്ങളെ പ്രകടിപ്പിക്കാനോ കഴിയാത്ത അവസ്ഥ. പിന്നെങ്ങനെ ജീവിക്കും? അതിനുള്ള ഉത്തരമാണ് തലശ്ശേരിക്കാരിയായ സിഷ്ന ആനന്ദ് എന്ന മിടുമിടുക്കി. ഇന്ന് സിഷ്ന നൃത്തം ചെയ്യും. കുടകളും ചന്ദനത്തിരികളും മാറ്റുകളും കടലാസ് കൊണ്ട് പൂക്കളും പേനയും ഉണ്ടാക്കും. കംപ്യൂട്ടറും മൊബൈൽ ഫോണും ഉപയോഗിക്കും. സ്കൂളുകളിൽ ചെന്ന് കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസുകളെടുക്കും. സെമിനാറുകളിൽ പ്രസംഗിക്കും.

അദ്ഭുതം എന്ന കേവലവാക്കിനപ്പുറത്താണ് ഇന്ന് സിഷ്നയുടെ ജീവിതം. പ്രതിസന്ധികളിൽ തളരാതെ പൊരുതിമുന്നേറിയ സിഷ്ന നമ്മുടെ ഹെലൻ കെല്ലറാണ്.

ഒരിക്കൽ മുംബൈയിലെ ആശുപത്രിയിൽ സിഷ്നയെ പരിശോധനയ്ക്ക് കൊണ്ടുപോയപ്പോൾ ഒരു ഡോക്ടർ സിഷ്നയുടെ അച്ഛനോട് ചോദിച്ചു- "കണ്ണ് കാണില്ല, ചെവി കേൾക്കുകയോ സംസാരിക്കുകയോ ചെയ്യില്ല, ഹൃദയത്തിനും പ്രശ്നമുണ്ട്. ഇങ്ങനെയൊരു കുഞ്ഞിനെ എങ്ങനെ വളർത്തിവലുതാക്കും." അച്ഛൻ ഒന്നു ചിരിച്ചു, എന്നിട്ട് മകളെ നോക്കിയിട്ട് പറഞ്ഞു - "എന്റെ ഈ കൈവിരലുകൾ അവളുടെ കണ്ണുകളും കാതുകളുമാണ്. ഈ വിരൽ പിടിച്ച് അവൾ സംസാരിക്കും. എന്റെ ജീവിത ലക്ഷ്യം അവളുടെ ജീവിത വിജയമായിരിക്കും." അതിന്റെ തുടക്കം മുംബൈ ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ടിലെ നാലാം വയസ്സുമുതലുള്ള സിഷ്നയുടെ പഠനമായിരുന്നു.



വിരൽത്തുമ്പിലാണ് സിഷ്നയുടെ ലോകം. ടാക്ടൈൽ സൈൻ ലാംഗ്വേജ് (Tactile sign language - തൊട്ടുകൊണ്ടുള്ള ആംഗ്യഭാഷ) എന്ന ആശയവിനിമയ രീതി പഠിച്ചതിനാൽ കൈവിരലുകൾ തൊട്ട് സിഷ്ന സംസാരിച്ചുതുടങ്ങി. സിഷ്നയോട്

സംസാരിക്കാൻ അച്ഛനും അമ്മയും ആ ഭാഷ സിഷ്നയിൽ നിന്നും പഠിച്ചെടുത്തു. അങ്ങനെ മകൾക്കു പറയാനുള്ളത് മാതാപിതാക്കൾ കൃത്യമായി മറ്റുള്ളവരോടുപറഞ്ഞു. ബ്രെയിൽ ലിപി പഠിച്ചതോടെ പവർ ബ്രെയ്‌ലി എന്ന ഉപകരണത്തിന്റെ സഹായത്താൽ എഴുതാനും വായിക്കാനും സാധിച്ചു. കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യാനും ഇന്ന് സിഷ്നയ്ക്ക് കഴിയും.

ഒരു ദിവസം സിഷ്ന അച്ഛനോട് പറഞ്ഞു - "എനിക്ക് നൃത്തം പഠിക്കണം'. അച്ഛൻ ഒരു നൃത്താധ്യാപികയോട് കാര്യം പറഞ്ഞു. ആദ്യം ഉപേക്ഷ പറഞ്ഞെങ്കിലും പിന്നീട് ടീച്ചർ ആ വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറായി. ശിവദം ശിവ നാമം... എന്നു തുടങ്ങുന്ന സിനിമാഗാനം തിരഞ്ഞെടുത്തു. അച്ഛൻ ഈ ഗാനത്തിന്റെ വരികൾ മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്തു. എന്നിട്ട് അത് ബ്ലൂടൂത്ത് വഴി പവർ ബ്രെയ്‌ലിയിലേക്ക് അയച്ചു. അത് ബ്രെയ്ൽ ലിപിയിൽ മാറ്റപ്പെട്ടതോടെ സിഷ്നയ്ക്ക് വായിച്ചെടുക്കാനായി.

അങ്ങനെ മകൾ തൊട്ട് മനസ്സിലാക്കിയ ഓരോ വരിയുടെയും അർഥം അച്ഛൻ തന്റെ വിരൽ സ്പർശത്താൽ പറഞ്ഞുകൊടുത്തു. പിന്നീട് ടീച്ചർ വരികൾക്കൊപ്പിച്ച് സിഷ്നയെ ചുവടുകൾ പഠിപ്പിച്ചു. അങ്ങനെ കണ്ണൂരിൽ നടന്ന ചടങ്ങിൽ ടീച്ചർക്കൊപ്പം സിഷ്ന വേദിയിൽ നൃത്തം അവതരിപ്പിച്ചു.

**സിജു ചെറുതാഴം**

### ചർച്ചാക്കുറിപ്പ്

സിഷ്നയുടെ ജീവിതാനുഭവം വായിച്ചല്ലോ? മലയാളിയുടെ ഹെലൻ കെല്ലർ എന്ന് അവളെ വിശേഷിപ്പിച്ചത് എന്തുകൊണ്ടാവാം? ഈ പാഠഭാഗം നമുക്ക് നൽകുന്ന തിരിച്ചറിവ് എന്താണെന്ന് ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

*ജീവിതച്ചൂടിലും വാടാത്തവർ...*

# തോട്ടക്കാരി



'വാടിപ്പോയ്ത്തുളസി'യെന്നോതുമ്പോൾ, കുടുംബിനീ
കൂടുതൽ കരിഞ്ഞതു നിന്മുഖത്തളിരല്ലോ!

വാടകവീടും പൂട്ടി പത്തുനാൾ മറുനാടൻ-
വാസവും കഴിച്ചു നാം മടങ്ങിയെത്തുംനേരം
വീട്ടുപൂന്തോട്ടം നോക്കി വിലപിച്ചു നീ നിൽക്കെ
പൂട്ടിയ താക്കോലെങ്ങോ പോയി ഞാൻ വിഷണ്ണനായ്
എൻ കരബലംകൊണ്ടു പൂട്ടു ഞാനുടച്ചപ്പോൾ
നിൻകവിൾ രണ്ടും വീണ്ടുമാർദ്രമായതു കണ്ടേൻ.
'പോഴത്തം പറ്റിപ്പോയി, പോവട്ടേ, ബലമുള്ള
താഴൊന്നു വേറെ വാങ്ങാ' മെന്നു ഞാനുരയ്ക്കവേ
ചൊല്ലി നീ വീണ്ടും; പിച്ചിപൂക്കാതെയുണങ്ങിപ്പോയ്;
വെള്ളമില്ലാതെ നിശാഗന്ധിത്തൈ നിലംപൊത്തി!
താക്കോലു പോയാൽപ്പോട്ടേ,യിക്കൊല്ലം പൊന്നിൻചിങ്ങ-
പ്പൂക്കാലം വിരുന്നിനു വരണ്ടേയീ വീട്ടിലും?'
അപ്പോൾ ഞാൻ ചൊല്ലീ: 'തോട്ടക്കാരീ, നിൻ വാത്സല്യത്തിൻ
അദ്ഭുതവർഷമേഘം മൺകുടമൊക്കത്തേറ്റി
ഇനി നിത്യവും രണ്ടുനേരവും മുടങ്ങാതെ
ഇവിടം നനച്ചീടും, പേടിക്കാനെന്തിരിപ്പൂ!'

കണ്ണിലെ മഴത്തുള്ളി വറ്റിപ്പോകവേ നിന്റെ
ഗണ്ഡത്തിൽ ചിന്നിക്കാണായ് ഗന്ധമാദിനീവർണ്ണം
അന്നേരമെൻ ചിത്തത്തിന്നടഞ്ഞ വാതിൽ മന്ദം
നിന്നുടെയധരങ്ങൾ തുറന്നൂ പൊൻതാക്കോലാൽ.

**പി. ഭാസ്കരൻ**

**പി. ഭാസ്കരൻ കൃതികൾ (കവിതകൾ-ഗാനങ്ങൾ)**

### ഈണത്തിൽ ചൊല്ലാം

കാവ്യഭാഗത്തിന് യോജിച്ച ഈണം കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുക.

### വിശകലനക്കുറിപ്പ്

"കണ്ണിലെ മഴത്തുള്ളി വറ്റിപ്പോകവേ നിന്റെ
ഗണ്ഡത്തിൽ ചിന്നിക്കാണായ് ഗന്ധമാദിനീവർണ്ണം
അന്നേരമെൻ ചിത്തത്തിന്നടഞ്ഞ വാതിൽ മന്ദം
നിന്നുടെയധരങ്ങൾ തുറന്നൂ പൊൻതാക്കോലാൽ"

വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### ആസ്വാദനമെഴുതാം

"അപ്പോൾ ഞാൻ ചൊല്ലി: തോട്ടക്കാരീ, നിൻ വാത്സല്യത്തിൻ
അദ്ഭുതവർഷമേഘം മൺകുടമൊക്കത്തേറ്റി
ഇനി നിത്യവും രണ്ടുനേരവും മുടങ്ങാതെ
ഇവിടം നനച്ചീടും, പേടിക്കാനെന്തിരിപ്പൂ-"

ഈ വരികൾ വിശകലനം ചെയ്ത് കാവ്യഭംഗി ചർച്ചചെയ്യുക.

തുടർന്ന് 'തോട്ടക്കാരി' എന്ന കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ (സാദൃശ്യഭംഗി, താളാത്മകത, പ്രയോഗങ്ങൾ) എന്നിവ പരിഗണിച്ച് ഒരു ആസ്വാദനം എഴുതൂ. പരസ്പരം വായിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകളോടെ മെച്ചപ്പെടുത്തുമല്ലോ.

*വിജയിക്കണമെന്ന് തീരുമാനിക്കുന്നതാണ്*
*പരാജയപ്പെടാതിരിക്കാനുള്ള മാർഗം...*

## ഭഗീരഥപ്രയത്നം



ഭഗീരഥന്റെ പ്രയത്നം പോലെയായിരുന്നു വാൽവ് നിർമ്മാണം. അറുപതിനായിരം വർഷം പ്രയത്നിച്ചിട്ടും ഫലമില്ലാതെ ഭഗീരഥൻ വീണ്ടും ഒന്നേ എന്നു തുടങ്ങിയ സ്ഥിതി. 1982 ലാണ് വാൽവ് വികസിപ്പിക്കാനുള്ള ശ്രമം ശ്രീചിത്രയിൽ തുടങ്ങുന്നത്. നീണ്ട ഏഴുവർഷം വേണ്ടിവന്നു ശ്രീചിത്ര വാൽവ് സഫലമാകാൻ. ആദ്യ മൂന്നു മോഡലും പരാജയപ്പെട്ടു. ഒരു ഡസൻ ആടുകളിൽ പരീക്ഷിച്ചശേഷമാണ് വാൽവ് ശരിയായി പ്രവർത്തിക്കുമെന്ന് ഉറപ്പിക്കാനായത്.

വാൽവ് വികസനശ്രമത്തിന്റെ ആദ്യവർഷങ്ങളിൽ 'ഇതൊന്നും ഇവിടെ നടക്കാൻ പോകുന്നില്ല' എന്ന് പൊതുവേ ഒരു വിശ്വാസ മുണ്ടായിരുന്നു. കേരളത്തിലെ മുതിർന്ന ഡോക്ടർമാർ പോലും പരസ്യമായി അങ്ങനെ പ്രതികരിച്ചിരുന്നു. അതൊക്കെ വലിയ വേദനയുണ്ടാക്കിയെങ്കിലും എനിക്ക് ലക്ഷ്യം നേടാനുള്ള വലിയ പ്രേരണയായി ഓരോ എതിരഭിപ്രായവും മാറിക്കൊണ്ടിരുന്നു.

വാൽവിന്റെ ഫ്രെയിം ക്രോമിയംകോബാൾട്ട്അലോയ് ആയിരുന്നു. വിമാനത്തിലൊക്കെ ഉപയോഗിക്കുന്ന അലോയ് ആണ്. ഡിസ്കിനുള്ള മെറ്റീരിയൽ ലൈറ്റ് പ്ലാസ്റ്റിക്കായിരുന്നു. അൾട്രാ ഹൈ പോളി എത്തിലിൻ എന്നാണ് വ്യവസായലോകത്ത് ഇതറിയപ്പെടുന്നത്.

അക്കാലത്ത് ഈ അലോയ് ഇറക്കുമതി ചെയ്യുകയായിരുന്നു. എങ്കിലും, വേണ്ടിവന്നാൽ അതു നിർമ്മിച്ചുതരാമെന്ന് മിശ്രധാതു നിഗത്തിന്റെ അധികൃതർ എനിക്ക് ഉറപ്പുതന്നിരുന്നു.



കൃത്രിമവാൽവ് മെറ്റൽ ഫ്രെയിമിൽ തുന്നിച്ചേർക്കാനുള്ള പ്ലാസ്റ്റിക്ക് ഫാബ്രിക് നിർമ്മിച്ചു തന്നത് കോയമ്പത്തൂരിലെ സൗത്ത് ഇന്ത്യ ടെക്സ്റ്റൈൽ അസോസിയേഷൻ ആയിരുന്നു.

പരീക്ഷണശാലയിൽ വിജയം ഉറപ്പായ വാൽവ് പിന്നീട് വാണിജ്യാടിസ്ഥാനത്തിൽവികസിപ്പിച്ചത്മദ്രാസിലെടി.ടി.കെ ആയിരുന്നു. ഇന്ന് ഒരു ലക്ഷത്തി അമ്പതിനായിരത്തിലേറെപ്പേർ ആ വാൽവുമായി ജീവിക്കുന്നു. ഏതു പരീക്ഷണത്തിലെയും പരാജയങ്ങളെപ്പറ്റി ആരും എഴുതാറില്ല. ശ്രീചിത്രയിലെ ഹൃദയ വാൽവിനുവേണ്ടി ഏഴുവർഷം തുടർച്ചയായ ഗവേഷണം. ഇതിനിടെ മൂന്നു മോഡൽ പരാജയപ്പെട്ടു. ഒരു ഇംഗ്ലീഷ് വാരിക വളരെ മോശമായി ഞങ്ങളെ അധിക്ഷേപിച്ച് ഫീച്ചർ

എഴുതി. ഇന്ത്യയുടെ ആദ്യ റോക്കറ്റ് വിജയകരമായി വിക്ഷേപിക്കുന്നതുവരെ ശാസ്ത്രജ്ഞർ കളിയാക്കലുകൾക്ക് വിധേയരായിരുന്നല്ലോ. കളിയാക്കിയവർ ഒരു കാര്യം ഓർത്തില്ല. പരാജയപ്പെട്ട പരീക്ഷണങ്ങൾ ഇല്ലാതെ ആരും സ്വന്തമായി ഒന്നും വികസിപ്പിച്ചിട്ടില്ല. അഥവാ പരാജയമറിയാതെ ഞങ്ങൾ ഒരു സാങ്കേതികവിദ്യ വികസിപ്പിച്ചു എന്നുപറഞ്ഞാൽ അതു കള്ളമാണുതാനും.

ഭർത്തൃഹരിയുടെ 'നീതിശതക'ത്തിലെ ഒരു ശ്ലോകത്തിന്റെ ആശയമാണ് ഓർമ്മ വരുന്നത്. "നീചർ വിഘ്നങ്ങളുണ്ടാകുമെന്ന ഭയത്താൽ ഒരിക്കലും ഒരു കാര്യം തുടങ്ങുന്നില്ല. മധ്യമർ വിഘ്നം ഉണ്ടാകുമ്പോൾ തങ്ങൾ തുടങ്ങിയ കൃത്യം ഉപേക്ഷിക്കുന്നു. ഉത്തമരാകട്ടെ നിരന്തരം വിഘ്നം ഉണ്ടായാലും തുടങ്ങിയ കൃത്യത്തിൽനിന്ന് ഒരുകാലത്തും മാറുന്നില്ല."

**മയൂരശിഖ : ജീവിതം അനുഭവം അറിവ്**

**ഡോ.എം.എസ്. വല്യത്താൻ**
**വി.ഡി. ശെൽവരാജ്**

### ബന്ധം കണ്ടെത്തുക

"ഉത്തമരാവട്ടെ നിരന്തരം വിഘ്നമുണ്ടായാലും തുടങ്ങിയ കാര്യത്തിൽ നിന്ന് ഒരിക്കലും മാറുന്നില്ല" - നീതിശതകത്തിലെ ഈ വാക്യം പാഠഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ? വിശദമാക്കുക.

### ശൈലീനിഘണ്ടു തയ്യാറാക്കാം

ഭഗീരഥപ്രയത്നം - കഠിനമായ പരിശ്രമം

ഇത്തരത്തിലുള്ള കൂടുതൽ ശൈലികൾ ശേഖരിച്ച് ഒരു ലഘുശൈലീനിഘണ്ടു തയ്യാറാക്കുക.

### പ്രഭാഷണം

നിശ്ചയദാർഢ്യവും ആത്മവിശ്വാസവും നമ്മെ ഉയർച്ചയുടെ പടവുകൾ താണ്ടാൻ സഹായിക്കും. 'ജീവിതവിജയം നിശ്ചയദാർഢ്യത്തിലൂടെ' എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക.

# പഠനം സഫലം



'ഏട്ടിൽ പത്ത്, കാട്ടിൽ പത്ത്, നാട്ടിൽ പത്ത്' എന്നാണ് വൈദ്യനാകാനുള്ള തയ്യാറെടുപ്പിനെപ്പറ്റിയുള്ള പ്രമാണം. ഏട്ടിൽ പത്ത് എന്നത് ശാസ്ത്രപഠനത്തിന്റെ കാലമാണ്. നല്ല ഒരു ഗുരുവിന്റെ കീഴിൽ ശാസ്ത്രഗ്രന്ഥങ്ങൾ (ഏടുകൾ) പത്തുവർഷം നന്നായി പഠിക്കണം. പിന്നെ, കാട്ടിൽ പത്ത്. മരുന്നുകളും അവയുടെ ഗുണദോഷങ്ങളും പഠിക്കാനാണ് അടുത്ത പത്തുവർഷം വിനിയോഗിക്കേണ്ടത്. ഓരോ മരുന്നിന്റെയും സ്വഭാവവും മറ്റുള്ളവയോട് ചേരുമ്പോൾ വരുന്ന പരിണാമവും ഒക്കെ പഠിക്കാൻ പത്തുവർഷം വേണം. അതുകഴിഞ്ഞുള്ള പത്തുവർഷം നാട്ടിൽ രോഗികളെ ചികിത്സിക്കണം.

മുതിർന്ന ഒരു വൈദ്യന്റെ മേൽനോട്ടത്തിലായിരിക്കണം ഇത്. നമ്മുടെ പാരമ്പര്യത്തിൽ വളരെ പ്രധാനമായി പറയുന്ന ഒന്നാണ് വൃദ്ധസേവ. ഇന്നത്തെ കുട്ടികൾ ഇത് കേട്ടാൽ ചിരിക്കും. എന്നാൽ വൈദ്യന് മാത്രമല്ല, ഏത് പ്രവൃത്തിയിൽ ഏർപ്പെടുന്നവരും വിജയിക്കണമെങ്കിൽ വൃദ്ധസേവ കൂടാതെ കഴിയില്ല. വാർധക്യത്തെ അളക്കുന്നത് പ്രായംകൊണ്ടല്ല, ജ്ഞാനം കൊണ്ടാണ്. കവിത രചിക്കാൻ, മുതിർന്ന കവികളുടെ നിർദേശം നല്ലതാണ്. ഒരു നടൻ വളരുന്നത് ആശാന്റെ കൂടെ നടന്ന് അദ്ദേഹം ചെയ്യുന്നതു കണ്ടിട്ടാണ്. കളരിയിൽ ചൊല്ലിയാടിയതുകൊണ്ടുമാത്രം രംഗത്ത് ശോഭിക്കാനാവില്ല. വക്കീലാകാൻ മുതിർന്ന ഒരു വക്കീലിന്റെ കീഴിൽ പ്രാക്ടീസ് ചെയ്യണം. ഇങ്ങനെ മുതിർന്നവരുടെ കീഴിൽ രോഗികളെ ചികിത്സിക്കുന്നതു കണ്ടും ഗുരുനാഥന്റെ നിർദേശമനുസരിച്ച് സ്വയം ചികിത്സിച്ചും പത്തുകൊല്ലം കഴിയണം. അപ്പോഴും ഇത് പ്രായോഗിക പരിശീലനമേ ആയിട്ടുള്ളൂ. പത്തുവർഷം ചികിത്സിച്ച് പരിചയം നേടുമ്പോഴേക്ക് പഠനം തുടങ്ങിയിട്ട് മുപ്പതു വർഷമാവും. ഇങ്ങനെ മുപ്പതു വർഷം പഠനവും പ്രായോഗികപ്രവർത്തനങ്ങളും ചെയ്യുമ്പോഴാണ് ഒരാൾ നല്ല ഒരു വൈദ്യനായി മാറുന്നത്.

**സ്മൃതിപർവം** — **ഡോ. പി.കെ. വാരിയർ**

### പ്രതികരണക്കുറിപ്പ്

കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചും പഠിക്കുമ്പോഴാണ് അറിവ് പൂർണ്ണതയിലെത്തുക എന്ന ആശയത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കൂ.

# പദപരിചയം

## കനിവും കരുതലും

- അട്ടംമുട്ടെ - മേൽക്കൂര മുട്ടുന്ന രീതിയിൽ
- ആവാസം - വാസസ്ഥലം
- ഇറയം - പുറംതിണ്ണ
- ഈർന്ന് - (തടി) അറുത്ത്
- ഊഴം - അവസരം
- കടപുഴകി - വേരോടെ പിഴുതുവീണു
- കടവ് - തോണി അടുക്കുന്ന സ്ഥലം
- കോൾപ്പാടം - കായൽ നിലം, പുഞ്ചപ്പാടം
- ഗൂഢം - മറയ്ക്കപ്പെട്ടത്, രഹസ്യം
- ചക്രംചവിട്ടുക - ജലചക്രം ചവിട്ടി കൃഷിയിടത്തിലേക്ക് വെള്ളം എത്തിക്കുക.
- ടിപ്പുകൾ (Tips) - എളുപ്പവഴി, ഉപായം
- തലപ്പ് - അഗ്രം, അറ്റം
- തഴപ്പ് - സമൃദ്ധി
- തേക്കുപാട്ട് - ചക്രം ചവിട്ടി വെള്ളം തേകുമ്പോൾ പാടുന്നപാട്ട്
- തേവാരം - ദേവാരാധന
- തേവുക - വെള്ളം കോരിക്കളയുക
- തോണി - വള്ളം, വഞ്ചി
- നിദ്ര - ഉറക്കം
- പട്ട മരം - ഉണക്കമരം
- പൊന്ത - കുറ്റിക്കാട്
- ബണ്ടുകെട്ടുക - കൃഷിയിടത്തിലേക്ക് വെള്ളം കയറാതെ തടഞ്ഞു നിർത്തുക.
- മാഗ്പൈ (Magpie) - പുള്ള് ഇനത്തിൽപ്പെട്ട പക്ഷി
- മാരി - മഴ
- ഹേമന്തം - ആറ് ഋതുക്കളിൽ ഒന്ന്

## ആയുരാരോഗ്യസൗഖ്യം

- കലശലായ - കഠിനമായ
- കാലയവനികക്കുള്ളിൽ മറയുക - മരിക്കുക
- കിരണം - രശ്മി
- കുശലം - സുഖാന്വേഷണം
- കൃതകൃത്യത - ചെയ്യേണ്ടത് ചെയ്ത് കഴിഞ്ഞ അവസ്ഥ
- കൃതജ്ഞൻ - നന്ദിയുള്ളവൻ
- ട്രാൻസിസ്റ്റർ - റേഡിയോ
- തരുണസൗഖ്യം - യുവത്വത്തിന്റെ സൗഖ്യം
- തുഷ്ടി - സന്തോഷം, തൃപ്തി
- പരിവാരം - കൂടെയുള്ളവർ, സേവകർ
- പരിഭ്രമം - പേടി
- പരിമളം - സുഗന്ധം
- പൂതി - ആഗ്രഹം
- പൈശാചികം - പിശാചിനെപ്പോലെ
- പ്രത്യാശ - വിശ്വാസം, ആശ
- മുന്തിയ - മേൽത്തരം, നിലവാരമുള്ള
- യഥാസമയം - വേണ്ടസമയത്ത്
- വൈരക്കല്ല് - വജ്രക്കല്ല്
- സവാരിക്കിറങ്ങി - നടക്കാനിറങ്ങി
- സായന്തനം - വൈകുന്നേരം
- നിലനില്പീയം - നിലനില്പ് എന്ന മലയാളപദത്തെ പുനർനിർമ്മിക്കുന്ന വി.കെ.എൻ. ശൈലിയിലുള്ള പ്രയോഗം

## ഹൃദയംതൊടുന്ന നക്ഷത്രങ്ങൾ

- അധിക്ഷേപം - ആക്ഷേപം, നിന്ദനം
- ആർദ്രം - നനവുള്ള, അലിവുള്ള, ദയയുള്ള
- ക്രിസാന്തിമം - ജമന്തി
- ഗണ്ഡം - കവിൾത്തടം
- ഗന്ധമാദിനീവർണ്ണം - ഗന്ധമാദിനിയുടെ (കോലരക്കിന്റെ) നിറം (ചുവപ്പ്)
- ചെല്ലം - ചെറിയ പിച്ചളപ്പെട്ടി, മുറുക്കാൻപെട്ടി.
- പരിവർത്തനം - മാറ്റം
- പോഴത്തം - ഭോഷത്തം, വിഡ്ഢിത്തം
- മധ്യമർ - നടുവിലുള്ളവർ, ഇടയിലുള്ളവർ
- മോഹഭംഗം - നിരാശ
- വിഘ്നം - തടസ്സം
- വിഷണ്ണൻ - വിഷാദമുള്ളവൻ, ദുഃഖിതൻ
- വിഹഗം - പക്ഷി
- റെഡ്കാർപ്പറ്റ് സ്വീകരണം - ഉജ്ജ്വലസ്വീകരണം, വിശിഷ്ടാതിഥികൾക്ക് ചുവന്ന പരവതാനി വിരിച്ച് നൽകുന്ന സ്വീകരണം.